# കേരള സർക്കാർ
# പൊതുപരീക്ഷാ വിഭാഗം

# എൽ.എസ്.എസ് & യു.എസ്.എസ് പരീക്ഷ

# ഫെബ്രുവരി - 2017

# വിജ്ഞാപനം

**പരീക്ഷാ കമ്മിഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം – 12**

നം.ഇ.എക്സ്/എച്ച്-1/52826/2016/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി: 06/01/2017

## വിജ്ഞാപനം

വിഷയം:- 2016-17 വർഷത്തെ **എൽ.എസ്.എസ്** പരീക്ഷയും യു.എസ്.എസ്. പരീക്ഷയും നടത്തുന്നത് - സംബന്ധിച്ച്

സൂചന:- 1. G.O (RT) No.105/2011പൊ.വി.വ. തീയതി 06/01/2011
2. G.O.(RT) No. 5662/2015. തീയതി: 30/11/2015

മേൽ സൂചനയിലെ സർക്കാർ ഉത്തരവ് അനുസരിച്ച് 2016-17 വർഷത്തെ എൽ.എസ്. എസ് പരീക്ഷയും യു.എസ്.എസ്. പരീക്ഷയും താഴെ പറയും പ്രകാരം നടത്തുന്നതാണ്.

| പരീക്ഷയുടെ പേര് | തീയതി | സമയം |
|---|---|---|
| എൽ.എസ്.എസ്. പരീക്ഷ | 2017 ഫെബ്രുവരി 27 | പേപ്പർ - 1 രാവിലെ 10.15 മുതൽ 12.00 മണിവരെ<br>പേപ്പർ - 2 ഉച്ചയ്ക്ക് 1.15 മുതൽ 3.00 മണിവരെ |
| യു.എസ്.എസ്. പരീക്ഷ | 2017 ഫെബ്രുവരി 27 | പേപ്പർ - 1 രാവിലെ 10.15 മുതൽ 12.00 മണിവരെ<br>പേപ്പർ - 2 ഉച്ചയ്ക്ക് 1.15 മുതൽ 3.00 മണിവരെ |

# എൽ.എസ്.എസ് പരീക്ഷയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ

## 1. എൽ.എസ്.എസ്. പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

- കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ്/എയ്ഡഡ്/അംഗീകാരമുള്ള അൺ എയിഡഡ്) ഈ അധ്യയന വർഷം നാലാം ക്ലാസ്സിൽ പഠിക്കുന്നവരും ഒന്നാം ടേം പരീക്ഷയിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം,പരിസരപഠനം എന്നീ വിഷയങ്ങൾക്ക് എ ഗ്രേഡ് നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾ ഈ പരീക്ഷയെഴുതാൻ യോഗ്യരാണ്.
- മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ മാത്രം ബി ഗ്രേഡ് ആയ കുട്ടികൾ ഉപജില്ലാ തല കലാ-കായിക- പ്രവൃത്തിപരിചയ മേളകളിൽ ഏതെങ്കിലും ഇനത്തിൽ എ ഗ്രേഡോ ഒന്നാം സ്ഥാനമോ നേടിയിട്ടുണ്ടെങ്കിൽ അവർക്കും പരീക്ഷ എഴുതാവുന്നതാണ്.
- ഈ പരീക്ഷയ്ക്ക് കുട്ടികൾ ഫീസ് നൽകേണ്ടതില്ല. അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ പരീക്ഷാഭവൻ നിർദ്ദേശിക്കുന്ന തീയതിക്കകം സ്കൂൾ ഹെഡ്മാസ്റ്റർ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 2. പരീക്ഷയുടെ സിലബസും സ്വഭാവവും

- എൽ.എസ്.എസ് പരീക്ഷയ്ക്ക് നാലാം ക്ലാസ് പാഠഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ ജനുവരി 31 വരെ പഠിപ്പിക്കേണ്ടവ മാത്രമാക്കി നിജപ്പെടുത്തിയിട്ടുണ്ട്..

- നാലാം ക്ലാസ്സുവരെ കുട്ടി നേടിയിരിക്കേണ്ട പഠനനേട്ടങ്ങൾ ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങളാണ് എൽ.എസ്.എസ് പരീക്ഷയ്ക്ക് ഉണ്ടായിരിക്കുക.

- വിശദമായ ഉത്തരം എഴുതേണ്ട ചോദ്യങ്ങളും ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതേണ്ട ചോദ്യങ്ങളും ഉണ്ടായിരിക്കും.
- ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ടവയും ഉയർന്ന ശേഷികൾക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കും

  - അറിവിന്റെ സ്വാംശീകരണം
  - അറിവിന്റെ പ്രയോഗം
  - വിശകലനാത്മകത
  - വിലയിരുത്തൽ/ നിലപാട് സ്വീകരിക്കൽ
  - സൃഷ്ടിപരത

## 3. പരീക്ഷയുടെ ഘടന

എൽ.എസ്.എസ് പരീക്ഷയ്ക്ക് രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും. ഓരോന്നിന്റേയും ദൈർഘ്യം ഒന്നര മണിക്കൂറാണ്.

പേപ്പർ (1)

| | | | | | |
|---|---|---|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (മലയാളം/കന്നഡ/തമിഴ്) | - | 20 | സ്കോർ |
| പാർട്ട് (ബി) | : | ഇംഗ്ലീഷ് | - | 10 | സ്കോർ |
| പാർട്ട് (സി) | : | പൊതുവിജ്ഞാനം | - | 10 | സ്കോർ |
| | | **ആകെ സ്കോർ** | : | **40** | |

പേപ്പർ (2)

| | | | | | |
|---|---|---|---|---|---|
| പാർട്ട് (എ) | : | പരീസരപഠനം | - | 20 | സ്കോർ |
| പാർട്ട് (ബി) | : | ഗണിതം | - | 20 | സ്കോർ |
| | | **ആകെ സ്കോർ** | : | **40** | |

- എൽ.എസ്.എസ് പരീക്ഷയുടെ ഓരോ പേപ്പറും (പേപ്പർ 1 & പേപ്പർ 2) ബുക്ക്‌ലേറ്റ് രൂപത്തിൽ ആയിരിക്കും. റോൾ നമ്പർ, നിർദ്ദേശങ്ങൾ മുതലായവ അടങ്ങുന്ന ആദ്യ പേജ് പ്രത്യേകമായി ഉണ്ടാകും. തുടർന്നുള്ള പേജുകളിൽ ചോദ്യങ്ങളും ഓരോ ചോദ്യത്തിനും തൊട്ടുതാഴെ ഉത്തരം എഴുതാനുള്ള സ്ഥലവും ഉണ്ടാകും. ബഹുവികൽപ്പ (Multiple choice) ചോദ്യങ്ങൾ, ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതേണ്ടവ, വിശദമായി ഉത്തരമെഴുതേണ്ടവ, ചോദ്യക്കൂട്ടങ്ങൾ എന്നിങ്ങനെ ചോദ്യങ്ങൾ ഉണ്ടാകും. വിശദമായി ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് 5 സ്കോറും വസ്തുനിഷ്ഠ ചോദ്യങ്ങൾക്ക് 1 സ്കോറും ആയിരിക്കും. 5 സ്കോർ നൽകുന്ന ചോദ്യങ്ങൾക്ക് 1 മുതൽ 5 വരെ സ്കോറുകൾ നൽകേണ്ടത് എങ്ങനെ എന്ന് വിശദമാക്കുന്ന മൂല്യനിർണ്ണയസൂചകങ്ങൾ നൽകിയിട്ടുണ്ടാവും.

**ഓരോ പേപ്പറുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ**

- പേപ്പർ 1 ലെ പാർട്ട് A - ഒന്നാം ഭാഷയിൽ വിശദമായി ഉത്തരമെഴുതേണ്ട 2 ചോദ്യങ്ങളും (2 × 5 = 10 സ്കോർ), ഒറ്റ വാക്കിൽ/വാക്യത്തിൽ ഉത്തരമെഴുതേണ്ട 10 ചോദ്യങ്ങളും (10 × 1 = 10 സ്കോർ) ഉണ്ടായിരിക്കും.
- പേപ്പർ 1 ലെ പാർട്ട് B - ഇംഗ്ലീഷിൽ 5 സ്കോർ വീതമുള്ള 2 ചോദ്യങ്ങൾ (2 × 5 = 10 സ്കോർ) ഉണ്ടായിരിക്കും. ഈ ചോദ്യങ്ങൾ 3 വീതം ഉപചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടാകും. ഇതിൽ ആദ്യത്തെ രണ്ടെണ്ണം 1 സ്കോർ വീതമുള്ള വസ്തുനിഷ്ഠ ചോദ്യങ്ങളായിരിക്കും. മൂന്നാമത്തേത് ഒരു ഭാഷാവ്യവഹാരരൂപം എഴുതാനുള്ളതുമായിരിക്കും. 3 സ്കോർ നൽകുന്ന ചോദ്യത്തിന് 1 മുതൽ 3 വരെ സ്കോർ ലഭിക്കാനുള്ള മാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടാകും.

- പേപ്പർ 1 ലെ പാർട്ട് C പൊതുവിജ്ഞാനത്തിൽ ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട 10 ചോദ്യങ്ങൾ (10 × 1 = 10 സ്കോർ) ഉണ്ടാകും.
- പേപ്പർ 1 ന്റെ ആകെ സ്കോർ 20 + 10 + 10 = 40 ഉം ദൈർഘ്യം 1½ മണിക്കൂറും ആയിരിക്കും.
- പേപ്പർ 2 ലെ പാർട്ട് A - പരിസരപഠനത്തിൽ വിശദമായി ഉത്തരമെഴുതേണ്ട 2 ചോദ്യങ്ങളും (2 × 5 = 10 സ്കോർ) ഒറ്റ വാക്കിൽ/വാക്യത്തിൽ ഉത്തരമെഴുതേണ്ട 10 ചോദ്യങ്ങളും (10 × 1 = 10 സ്കോർ) ഉണ്ടായിരിക്കും.
- പേപ്പർ 2 ലെ പാർട്ട് B - ഗണിതത്തിൽ വിശദമായി ഉത്തരമെഴുതേണ്ട 2 ചോദ്യങ്ങൾ (2 × 5 = 10 സ്കോർ) വേണം. ഇവ പ്രശ്നാപഗ്രഥനം നടത്തി ക്രിയ ചെയ്യേണ്ടവ ആയിരിക്കും. ഒറ്റ വാക്കിൽ/വാക്യത്തിൽ ഉത്തരമെഴുതേണ്ട 10 ചോദ്യങ്ങളും (10 × 1 = 10 സ്കോർ) ഉണ്ടായിരിക്കും.

- പേപ്പർ 2 ന്റെ ആകെ സ്കോർ 20 + 20 = 40 ഉം ദൈർഘ്യം 1½ മണിക്കൂറും ആയിരിക്കും

- പരീക്ഷ പേപ്പർ 1 രാവിലെ 10.15 മുതൽ 12 മണിവരെയും പേപ്പർ 2 ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 3.45 വരെയും ആയിരിക്കും. ഇതിൽ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.

- പരീക്ഷയുടെ ഘടന സംബന്ധിക്കുന്ന പട്ടിക അനുബന്ധമായി നൽകിയിട്ടുണ്ട്.

- ഗണിതവിഭാഗത്തിൽ പ്രശ്നനിർദ്ധാരണത്തിനുള്ള ചോദ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. യുക്തിചിന്ത, മാനസികശേഷി എന്നിവ വിലയിരുത്താനുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും.

- പൊതുവിജ്ഞാനവിഭാഗത്തിൽ വിവിധ വിഷയങ്ങളുമായി (കലാ-ആരോഗ്യ-കായിക-പ്രവൃത്തിപഠനം ഉൾപ്പെടെ) ബന്ധപ്പെടുത്തിയുള്ള അനുബന്ധ വായനസാമഗ്രികൾ, തുടർ പ്രവർത്തന സാധ്യതകൾ തുടങ്ങിയവ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ ഉണ്ടാകും.

**4. <u>പരീക്ഷാകേന്ദ്രം</u>**

- ഓരോ ഗ്രാമപഞ്ചായത്തിലും ഒരു പരീക്ഷാക്ഷാകേന്ദ്രം ഉണ്ടായിരിക്കും.. എന്നാൽ ഒരു കേന്ദ്രത്തിൽ 120 ൽ കൂടുതൽ കുട്ടികൾ പരീക്ഷ എഴുതാനുണ്ടെങ്കിൽ ആ ഗ്രാമപ്പഞ്ചായത്തിൽ മറ്റൊരു കേന്ദ്രം കൂടി അനുവദിക്കും. പരീക്ഷാകേന്ദ്രത്തിന്റെ തിരഞ്ഞെടുപ്പ്, പരീക്ഷാകേന്ദ്രത്തിന്റെ ചീഫ്, ഡെപ്യൂട്ടി ചീഫ്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം തുടങ്ങിയവ എ.ഇ.ഒ യുടെ ചുമതല ആയിരിക്കും. (എ.ഇ.ഒ പരീക്ഷാ സമിതിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ച് ഇവരുടെ നിയമനം നടത്തണം). നഗര പ്രദേശങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കേന്ദ്രങ്ങൾ ക്രമീകരിക്കും.

- ഒരു പരീക്ഷാഹാളിൽ 20 കുട്ടികൾ വീതം എന്ന രീതിയിലാവണം ക്രമീകരണം.

- ഓരോ പരീക്ഷാകേന്ദ്രത്തിനും ഒരു ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ ഉണ്ടായിരിക്കണം. പരീക്ഷാകോന്ദ്രമായ സ്കൂളിലെ ഹെഡ്മാസ്റ്ററായിരിക്കണം ചീഫ് സൂപ്രണ്ട്. അടുത്ത ഗ്രാമപഞ്ചായത്തിലുള്ള മറ്റൊരു വിദ്യാലയത്തിലെ (എൽ.പി.സ്കൂൾ) ഹെഡ്മാസ്റ്ററായിരിക്കണം ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ സമാനരീതിയിൽ കേന്ദ്രങ്ങൾ കണ്ടെത്തി അനുബന്ധകാര്യങ്ങൾ നിർവഹിക്കണം.

- ഇൻവിജിലേറ്റർമാരായി നിയോഗിക്കുന്നത് തൊട്ടടുത്ത ഗ്രാമപപ്പഞ്ചായത്തിലെ നാലാം ക്ലാസ്സിൽ പഠിപ്പിക്കുന്ന അധ്യാപകരെ ആയിരിക്കണം.

## 5. ചോദ്യപേപ്പർ ഇന്റന്റ് തയാറാക്കൽ

എൽ.എസ്.എസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം പഠനമാധ്യമത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി എ.ഇ.ഒ.മാർ ചോദ്യപേപ്പർ ഇന്റന്റ് തയാറാക്കി ഡി.ഇ.ഒ.മാർ വഴി പരീക്ഷാഭവനിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. ഇപ്രകാരം തയാറാക്കിയ സ്റ്റേറ്റ്മെന്റിന്റെ പ്രന്റൗട്ട് **സൂപ്രണ്ട്, എച്ച് സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695012** എന്ന മേൽവിലാസത്തിൽ **സ്പീഡ്പേസ്റ്റിൽ** അയക്കേണ്ടതുമാണ്. സ്റ്റേറ്റ്മെന്റ് അയക്കുമ്പോൾ കവറിനു പുറത്ത് **ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ്-എൽ.എസ്.എസ് 2017** എന്ന് ചുവപ്പുമഷിയിൽ വലിയ അക്ഷരത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

## 6. ചോദ്യപേപ്പർ തയാറാക്കലും വിതരണവും

എൽ.എസ്.എസ് പരീക്ഷയുടെ ചോദ്യപേപ്പർ തയാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം/ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ നാല് പഠന മാധ്യമങ്ങളിൽ ആവശ്യമായ ചോദ്യപേപ്പർ തയാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിതരണം നടത്തുന്നതാണ്.

## 7. പരീക്ഷാസമിതി

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് റവന്യൂ ജില്ലാതലത്തിലും ഉപജില്ലാതലത്തിലും പരീക്ഷാസമിതികൾ ഉണ്ടായിരിക്കണം. റവന്യൂ ജില്ലാതലത്തിൽ ഡി.ഡി.ഇ. (ചെയർമാൻ), ഡയറ്റ് പ്രൻസിപ്പൽ (കൺവീനർ), എസ്.എസ്.എ.-ഡി.പി.ഒ.(മെമ്പർ), ഡി.ഇ.ഒ.-മാർ(മെമ്പർ) എന്നിവരും ഉപജില്ലാതലത്തിൽ എ.ഇ.ഒ (കൺവീനർ), ഡയറ്റ് ഫാക്കൽറ്റി (മെമ്പർ), ബി.പി.ഒ - എസ്.എസ്.എ (മെമ്പർ) എന്നിവരുമടങ്ങിയ സമിതി ഉണ്ടായിരിക്കണം.

ഈ സമിതി പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കണം.. ഉപജില്ലാതലത്തിൽ പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം തുടങ്ങിയവ എ.ഇ.ഒ.മാരുടെ ചുമതലയായിരിക്കും. ഡയറ്റ് അക്കാദമിക പിന്തുണ നൽകണം.

## 8. മൂല്യനിർണയം

- ഉപജില്ല കേന്ദ്രീകരിച്ച്, എ.ഇ.ഒ. തലത്തിൽ ഫാൾസ് നമ്പർ നൽകിയാണ് മൂല്യ നിർണയം നത്തേണ്ടത്. പരീക്ഷ നടന്നതിന്റെ തൊട്ടടുത്ത ശനിയാഴ്ച തന്നെ മൂല്യ നിർണയം നടത്തണം. ഇതിനായി തൊട്ടടുത്ത ഉപജില്ലകളിൽ നിന്ന് അധ്യാപകരെ നിയോഗിക്കേണ്ടതാണ്. മൂല്യ നിർണയം ഉപജില്ലാതല പരീക്ഷാസമിതിയുടെ ചുമതലയിൽ രഹസ്യ സ്വഭാവത്തോടെ നടത്തണം.

- മൂല്യ നിർണയകേന്ദ്രത്തിലെ ഹെഡ്മാസ്റ്ററെ ക്യാമ്പ് ഓഫീസറായി നിയമിക്കണം.

- ഒരു മുറിയിൽ 10 പേർ എന്ന രീതിയിൽ മൂല്യനിർണയ ക്യാമ്പ് ക്രമീകരിക്കണം. 10 അസിസ്റ്റന്റ് എക്സാമിനർമാർക്ക് ഒരു ചീഫ് എക്സാമിനർ ഉണ്ടായിരിക്കണം. അസിസ്റ്റന്റ് എക്സാമിനർമാർ ഒരു ദിവസം 20 പേപ്പർ മൂല്യ നിർണയം നടത്തണം. അസിസ്റ്റന്റ് എക്സാമിനർമാർ വിലയിരുത്തുന്ന ഉത്തരക്കടലാസുകളുടെ 5% ഉത്തരക്കടലാസുകൾ ചീഫ് എക്സാമിനർ പരിശോധിക്കണം. പരമാവധി 20 പേപ്പറിന് ഒരു എക്സാമിനർ എന്ന കണക്കിൽ നിയമനം നടത്തണം. ചീഫ് എക്സാമിനർ പരിശോധിച്ച പേപ്പറുകളിൽ അക്കാര്യം എഴുതി ഇനീഷ്യൽ രേഖപ്പെടുത്തണം.

- പരിശോധിക്കുന്ന ഉത്തരക്കടലാസുകളുടെ സ്കോർ, എസ്.എസ്.എൽ.സി മൂല്യ നിർണയ ക്യാമ്പിൽ ചെയ്യുന്നതുപോലെ അതതു മുറിയിൽ വച്ച് അസിസ്റ്റന്റ് എക്സാമിനർ തന്നെ തയാറാക്കണം. ഇത് പരിശോധിച്ച് ചീഫ് എക്സാമിനർ ഏറ്റുവാങ്ങി ക്യാമ്പ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. സ്കോർ ഷീറ്റ് അസിസ്റ്റന്റ് എക്സാമിനർ ഒപ്പിടുകയും ചീഫ് എക്സാമിനർ ശരിയാണെന്ന് ഉറപ്പുവരുത്തി ഒപ്പിടുകയും വേണം. ആവശ്യമായ സ്കോർഷീറ്റ് പരീക്ഷാഭവൻ വിതരണം ചെയ്യുന്നതാണ്.

## 9. ഡാറ്റാ എൻട്രി

ഉപജില്ലാ തലത്തിൽ വിലയിരുത്തൽ നടത്തുന്നതിനാൽ സ്കോറുകളുടെ ഡാറ്റാ എൻട്രി എ.ഇ.ഒ.യുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഡാറ്റാ എൻട്രി നടത്തുന്നതിന് എസ്.എസ്.എ യിലുള്ള ഡാറ്റാ എൻട്രി ഓപ്പ്റേറ്റർമാരുടെ സഹായം സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം തയാറാക്കുന്ന കുട്ടികളുടെ സ്കോറുകൾ അപ്‌ലോഡ് ചെയ്ത് പരീക്ഷാഭവനിലേയ്ക്ക് മെയിൽ ചെയ്യേണ്ടതാണ്. ഇത് രഹസ്യമായി നടക്കുന്നുവെന്ന് പരീക്ഷാസമിതി ഉറപ്പുവരുത്തണം. സ്കോറുകൾ അപ്‌ലോഡ് ചെയ്യുന്നതിനു മുൻപ് പരിശോധിച്ച് സ്കോറുകൾ ശരിയാണെന്ന് എ.ഇ.ഒ. ഉറപ്പു വരുത്തണം.

## 10. സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യത

രണ്ടു പേപ്പറിനും കൂടി 60 ശതമാനമോ അതിന് മുകളിലോ സ്കോർ ലഭിക്കുന്നവർ സ്കോളർഷിപ്പിന് അർഹത നേടുന്നതാണ്. ഉപജില്ലയിൽ എസ്.സി., എസ്.ടി., ഒ.ഇ.സി വിഭാഗങ്ങളിൽപ്പെട്ട കുട്ടികളിൽ ആർക്കും തന്നെ നിശ്ചിത സ്കോർ ലഭിക്കുന്നില്ലെങ്കിൽ ഈ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ ഓരോ കുട്ടിയെ വീതം സ്കോളർഷിപ്പിന് പരിഗണിക്കണം (ഇവർ കുറഞ്ഞത് 50% സ്കോർ എങ്കിലും നേടിയിരിക്കണം.)

## 11. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ നിയമനം

പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമിക്കേണ്ടതാണ്. ഹൈസ്കൂളുകളുടെ ഭാഗമായ പ്രൈമറിയിലെ അധ്യാപകരിൽ ഇൻവിജിലേറ്ററാകാൻ താൽപ്പര്യമുള്ളവരേയും പരിഗണിക്കേണ്ടതാണ്.

എൽ.എസ്.എസ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളിലെ ഹെഡ്മാസ്റ്റർ ചീഫ് സൂപ്രണ്ട് ആയിരിക്കും. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ അടുത്തുള്ള ഗ്രാമപഞ്ചായത്തുകളിൽ/നഗരപ്രദേശത്തെ വിദ്യാലയങ്ങളിലെ അധ്യാപകരിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്.

ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അധ്യാപകരുടെ അടുത്ത ബന്ധുക്കൾ ആരും തന്നെ പരീക്ഷാഹാളിൽ ഇല്ലെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാകേന്ദ്രത്തിൽ ഉണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ അരംഭിക്കുന്നതിന് മുമ്പു തന്നെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്ന് ഒരു ഡിക്ലറേഷൻ എഴുതി വാങ്ങേണ്ടതാണ്.

## 12. ഫലപ്രഖ്യാപനം.

ഉപജില്ലകളിൽ നിന്നു ലഭിക്കുന്ന സ്കോർ പരിശോധിച്ചശേഷം വിദ്യാഭ്യാസ ജില്ല തിരിച്ച് പരീക്ഷാഭവൻ ഫലപ്രഖ്യാപനം നടത്തുന്നതാണ്. കഴിയുന്നതും ഫലം മേയ് 31 നകം പ്രസിദ്ധീകരിക്കുന്നതാണ്.

## 13. സർട്ടിഫിക്കറ്റ്. സ്കോളർഷിപ്പ് തുക എന്നിവയുടെ വിതരണം.

പരീക്ഷാഭവനിൽനിന്നു ലഭിക്കുന്ന മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ ജില്ലാതല പരീക്ഷാ സമിതിയുടെ നേതൃത്വത്തിൽ അച്ചടിച്ച് പേരുവിവരങ്ങൾ ചേർക്കേണ്ടതാണ്. ഇതിൽ ജില്ലാ സമിതിയംഗങ്ങൾ ഒപ്പിട്ട് ഫലം പ്രഖ്യാപിക്കുകയും ഒരു മാസത്തിനകം സ്കൂളുകൾക്ക് വിതരണം ചെയ്യുകയും വേണം. അതതു സ്കൂളിൽ നടത്തുന്ന ഒരു പൊതു ചടങ്ങിൽ വച്ച് വിജയികൾകുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണ്. ഇപ്രകാരം സർട്ടിഫിക്കറ്റ് തയാറാക്കി നൽകുന്ന ചുമതല ഡയറ്റുകൾക്കായിരിക്കും. സ്കോളർഷിപ്പ് തുക അടുത്ത അധ്യയന വർഷം ഒന്നാം ടേമിൽ വിതരണം ചെയ്യണം.

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് എസ്.എസ്.എ. ഫണ്ടിൽനിന്നു ലഭ്യമാക്കണം.

## 14. പൊതുനുർദ്ദേശങ്ങൾ

- പരീക്ഷയുമായി ബന്ധപ്പെട്ട് പരീക്ഷാഭവന്റെ നേതൃത്വത്തിൽ ഡയറ്റ് മുഖേന പ്രധാനാധ്യാപകർക്ക് പരിശീലനം നൽകണം.
- പരീക്ഷാഭവൻ പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ, തീയതി, ചോദ്യപേപ്പർ, ആവശ്യമായ ഫോറങ്ങൾ തുടങ്ങിയവ തയാറാക്കി നൽകുന്നതാണ്.
- പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചീഫ് , ഡെപ്യൂട്ടി ചീഫ് എന്നിവർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകണം.
- പരീക്ഷയുടെ ദിവസവും മൂല്യനിർണയം നടത്തുന്ന ദിവസവും അതതു കേന്ദ്രങ്ങളിൽ പരീക്ഷാസമിതിയുടെ സാന്നിധ്യം ഉറപ്പാക്കണം
- ജില്ലാതല പരീക്ഷാ സമിതിയുടെ മേൽനോട്ടത്തിലായിരിക്കണം ജില്ലയിലെ മൊത്തം പരീക്ഷാ പ്രവർത്തനങ്ങളും.

***പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞി രിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്***

അനുബന്ധം

## എൽ.എസ്.എസ്. പരീക്ഷ – ഘടന

| നമ്പർ | പേപ്പർ | സമയം | വിഷയ വിശദാംശങ്ങൾ | ചോദ്യ വിശദാംശങ്ങൾ | സ്കോർ വിശദാംശങ്ങൾ | സ്കോർ |
|---|---|---|---|---|---|---|
| 1 | പേപ്പർ 1 | 1½ മണിക്കൂർ | പാർട്ട് (എ): ഒന്നാം ഭാഷ (മലയാളം/കന്നഡ/തമിഴ്) | വസ്തുനിഷ്ഠം രീതി (1 സ്കോർ) 10 ചോദ്യങ്ങൾ<br>വിവരണാത്മകരീതി (5 സ്കോർ) 2 ചോദ്യങ്ങൾ | 10 × 1 = 10<br>2 × 5 = 10 | 20 |
| | | | പാർട്ട് (ബി): ഇംഗ്ലീഷ് | വിവരണാത്മകരീതി (5 സ്കോർ) 2 ചോദ്യങ്ങൾ | 2 × 5 = 10 | 10 |
| | | | പാർട്ട് (സി): പൊതുവിജ്ഞാനം | വസ്തുനിഷ്ഠം രീതി (1 സ്കോർ) 10 ചോദ്യങ്ങൾ | 10 × 1 = 10 | 10 |
| | | | | ആകെ ചോദ്യങ്ങൾ : 24 | ആകെ സ്കോർ | 40 |
| 1 | പേപ്പർ 2 | 1½ മണിക്കൂർ | പാർട്ട് (എ): പരിസരപഠനം | വസ്തുനിഷ്ഠം രീതി (1 സ്കോർ) 10 ചോദ്യങ്ങൾ<br>വിവരണാത്മകരീതി (5 സ്കോർ) 2 ചോദ്യങ്ങൾ | 10 × 1 = 10<br>2 × 5 = 10 | 20 |
| | | | പാർട്ട് (ബി): ഗണിതം | വസ്തുനിഷ്ഠം രീതി (1 സ്കോർ) 10 ചോദ്യങ്ങൾ<br>വിവരണാത്മകരീതി (5 സ്കോർ) 2 ചോദ്യങ്ങൾ | 10 × 1 = 10<br>2 × 5 = 10 | 20 |
| | | | | ആകെ ചോദ്യങ്ങൾ : 24 | ആകെ സ്കോർ | 40 |

# യു.എസ്.എസ്. പരീക്ഷയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

## 1. യു.എസ്.എസ്. പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

- കേരളത്തിലെ ഗവൺമെന്റ്/എയിഡഡ്/അംഗീകാരമുള്ള അൺ എയിഡഡ് വിദ്യാലയങ്ങളിൽ ഏഴാം ക്ലാസ്സിൽ പഠിക്കുന്നവർക്ക് യു.എസ്.എസ് പരീക്ഷ എഴുതാവുന്നതാണ്.

- ഏഴാം ക്ലാസ്സിലെ ഒന്നാം ടേം പരീക്ഷയിൽ ലഭിച്ച ഗ്രേഡുകൾ അടിസ്ഥാനമാക്കിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. ഇതിനായി രണ്ട് മാനദണ്ഡങ്ങളാണ് നിർദ്ദേശ്ശിക്കുന്നത്.

(a) എല്ലാ വിഷയങ്ങളും 'എ' ഗ്രേഡ് (ഭാഷാ വിഷയങ്ങൾ & ശാസ്ത്ര വിഷയങ്ങൾ)

(b) ഭാഷാ വിഷയങ്ങളിൽ 3 പേപ്പറുകൾക്ക് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും.

(c) ശാസ്ത്ര വിഷയങ്ങളിൽ (ഗണിതം, അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം) രണ്ടിന് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും.

- ***നോട്ട്: കലാ - കായിക - പ്രവൃത്തി പരിചയ വിദ്യാരംഗം മേളകളിൽ സബ്ജില്ലാ തലത്തിൽ 'എ' ഗ്രേഡ്/ഒന്നാം സ്ഥാനം നേടിയവർക്ക് മാത്രമാണ് രണ്ടാം മാനദണ്ഡം ബാധകമാകുക.***

മേൽ പറഞ്ഞ രണ്ട് പരീക്ഷകൾക്കും കുട്ടികൾ ഫീസ് നൽകേണ്ടതില്ല. പരീക്ഷ എഴുതാൻ അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ ഓൺലൈനായി 10/01/2016 ന് മുമ്പായി സ്കൂൾ ഹെഡ്മാസ്റ്റർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 2. പരീക്ഷയുടെ സിലബസും സ്വഭാവവും.

- യു.എസ്.എസ് പരീക്ഷയ്ക്ക് ഏഴാം ക്ലാസ് പാഠഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ ജനുവരി 31 വരെ പഠിപ്പിക്കേണ്ടവ മാത്രമാക്കി നിജപ്പെടുത്തിയിട്ടുണ്ട്..

- ഏഴാം ക്ലാസ്സുവരെ കുട്ടി നേടിയിരിക്കേണ്ട പഠന നേട്ടങ്ങൾ (ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവതലം) പരിഗണിച്ചുകൊണ്ടാണ് യു.എസ്.എസ് പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്.

- പരീക്ഷയുടെ വസ്തുനിഷ്ഠതയും (objectivity) വിശ്വാസ്യതയും (reliability) നിലനിർത്തുന്നതിനായി ബഹുവികല്പ ചോദ്യങ്ങൾ (Multiple choice test items) ആയിരിക്കും ഈ പരീക്ഷയിൽ ഉൾപ്പെടുത്തുന്നത്.

- ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ട വയും ഉയർന്ന ശേഷിക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കണം.
    - അറിവിന്റെ സ്വാംശീകരണം
    - അറിവിന്റെ പ്രയോഗം
    - വിശകലനാത്മകത
    - വിലയിരുത്തൽ/നിലപാട് സ്വീകരിക്കൽ
    - സൃഷ്ടിപരത

## 3. പരീക്ഷയുടെ ഘടന

**യു.എസ്.എസ്. പരീക്ഷയ്ക്ക് രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും**

**പേപ്പർ (1) ഒന്നാം ഭാഷ & ഗണിതം (ഇതിൽ 3 പാർട്ടുകൾ ഉണ്ട്)**

പാർട്ട് (എ): ഒന്നാം ഭാഷ (ഭാഗം 1) A.T മലയാളം/കന്നട/തമിഴ്/ അറബി/ ഉർദു/ സംസ്കൃതം

പാർട്ട് (ബി): ഒന്നാം ഭാഷ (ഭാഗം 2) B.T മലയാളം/കന്നട/തമിഴ്

പാർട്ട് (സി): ഗണിതം

**പേപ്പർ (1) ഇംഗ്ലീഷ്, ശാസ്ത്രം & സാമൂഹ്യശ്സ്ത്രം (ഇതിലും 3 പാർട്ടുകൾ ഉണ്ട്)**

പാർട്ട് (എ): ഇംഗ്ലീഷ്

പാർട്ട് (ബി): അടിസ്ഥാനശാസ്ത്രം

പാർട്ട് (സി): സാമൂഹ്യശാസ്ത്രം

- ഒരു ദിവസം രാവിലെ 10.15 മുതൽ 12 മണിവരെ ഒന്നാം പേപ്പറിന്റെ പരീക്ഷാസമയമാണ് ഇതിൽ ആദ്യത്തെ 15 മിനിട്ട് സമയം സമാശ്വാസ സമയമായി (cool of time) ഉപയോഗിക്കേണ്ടതാണ്. 1.15 മുതൽ 3 മണിവരെ രണ്ടാം പേപ്പറിന്റെ പരീക്ഷാ സമയമാണ്. ഇവിടെയും 15 മിനിട്ട് സമയം സമാശ്വാസ സമയമായി (cool of time) ഉപയോഗിക്കേണ്ടതാണ്.
- ഒന്നാം പേപ്പറിൽ 50 ചോദ്യങ്ങൾ ഉണ്ടായിരിക്കണം. ഇതിൽ 45 ചോദ്യങ്ങളുടെ ഉത്തരം എഴുതിയാൽ മതിയാകും.
- രണ്ടാം പേപ്പറിൽ 55 ചോദ്യങ്ങൾ ഉണ്ടായിരിക്കണം. ഇതിൽ 45 ചോദ്യങ്ങളുടെ ഉത്തരം എഴുതിയാൽ മതിയാകും.
- ഒരു പേപ്പറിന് 90 മിനിട്ടായിരിക്കണം സമയം.
- ഓരോ പേപ്പറിന്റെയും ചോദ്യങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ്.

**പേപ്പർ (1)**

| | | |
|---|---|---|
| പാർട്ട് (എ): | ഒന്നാം ഭാഷ (ഭാഗം 1) | 15 |
| പാർട്ട് (ബി): | ഒന്നാം ഭാഷ (ഭാഗം 2) | 15 (പരമാവധി സ്കോർ 10.) |
| പാർട്ട് (സി): | ഗണിതം | 20 |
| | **ആകെ** | **50** |

പേപ്പർ (2)

| | | |
|---|---|---|
| പാർട്ട് (എ): | ഇംഗ്ലീഷ് | 15 |
| പാർട്ട് (ബി): | അടിസ്ഥാനശാസ്ത്രം | 20 ((പരമാവധി സ്കോർ 15.) |
| പാർട്ട് (സി): | സാമൂഹ്യശാസ്ത്രം | 20 ((പരമാവധി സ്കോർ 15.) |
| | **ആകെ** | **55** |

- ഒരു ചോദ്യത്തിന് ഒരു സ്കോർ വീതം ആണ് ആകെ ഉത്തരം എഴുതേണ്ടത് 45+45=90 ചോദ്യങ്ങൾക്കാണ്. അതുകൊണ്ട് പരമാവധി സ്കോർ 90 ആയിരിക്കും.
- ഓരോ വിഷയത്തിലും അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട സാമാന്യാവബോധം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- ഒന്നാം ഭാഷ (ഭാഗം 2), സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം എന്നിവയിലെ ഓരോ വിഷയത്തിന്റെയും അഞ്ച് ചോദ്യങ്ങൾ യഥാക്രമം കല, സാഹിത്യം, ആരോഗ്യ-കായിക വിഷയങ്ങളുമായി ബന്ധപ്പെടുത്തിയായിരിക്കും.
- **ഗണിതത്തിന്റെ ചോദ്യങ്ങളിൽ യുക്തിചിന്ത** (reasoning), **മാനസികശേഷി** (mental ability) **എന്നിവ പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും**.
- ഒന്നാം പേപ്പറിന്റെ പാർട്ട് (എ) യിൽ ഓരോ വിഷയത്തിന്റെയും (ഭാഷകൾ) ചോദ്യങ്ങൾ ഒന്നു മുതൽ 15 വരെ ക്രമനമ്പരായിരിക്കും. അതുപോലെ പാർട്ട് ബി-യിലെ ഓരോ വിഷയത്തിന്റെയും ചോദ്യങ്ങൾ 16 മുതൽ 30 വരെ ക്രമനമ്പരായിരിക്കും. പാർട്ട് സി-യിലെ ചോദ്യങ്ങളുടെ ക്രമനമ്പർ 31 മുതൽ 50 വരെ ആയിരിക്കും.
- പേപ്പർ 2 ലെ ചോദ്യങ്ങൾ പാർട്ട് 'എ' യിലെ ചോദ്യങ്ങൾക്ക് (ഇംഗ്ലീഷ്) 1 മുതൽ 15 വരെ ക്രമനമ്പരും, പാർട്ട് 'ബി' യിലെ ചോദ്യങ്ങൾക്ക് (അടിസ്ഥാനശാസ്ത്രം) 16 മുതൽ 35 വരെ ക്രമനമ്പരും, പാർട്ട് 'സി' യിലെ ചോദ്യങ്ങൾക്ക് (സാമൂഹ്യശാസ്ത്രം) 36 മുതൽ 55 വരെ ക്രമനമ്പരും ആയിരിക്കും.

## 4. പരീക്ഷാ സമിതി

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ജില്ലാതലത്തിലും സബ് ജില്ലാതലത്തിലും പരീക്ഷാസമിതികൾ ഉണ്ടായിരിക്കണം. ജില്ലാതലത്തിൽ ഡി.ഡി.ഇ (ചെയർമാൻ), ഡയറ്റ് പ്രൻസിപ്പാൾ (കൺവീനർ), ഡി.പി.ഒ (എസ്.എസ്.എ), ഡി.ഇ.ഒ മാർ (മെമ്പർ) എന്നിവരും സബ്ജില്ലാതലത്തിൽ എ.ഇ.ഒ (കൺവീനർ), ഡയറ്റ് ഫാക്കൽറ്റി (മെമ്പർ), ബി.പി.ഒ (എസ്.എസ്.എ) (മെമ്പർ) എന്നിവരുമടങ്ങിയ സമിതിയായിരിക്കും.

ഈ സമിതി പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കണം.

## 5. ചോദ്യപേപ്പർ ഇന്റന്റ് തയ്യാറാക്കൽ

യു.എസ്.എസ്. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം പഠന മാധ്യമത്തിന്റെ അടിസ്ഥാനത്തിൽ വെബ്സൈറ്റിൽ ലഭ്യമാകുന്ന ചോദ്യപേപ്പർ ഇന്റന്റ് എ.ഇ.ഒ മാർ പരിശോധിച്ച് ഡി.ഇ.ഒ മാർക്ക് നൽകേണ്ടതും പരീക്ഷാഭവനിൽ നിന്നും നിർദ്ദേശിക്കുന്ന പ്രകാരം ഡി.ഇ.ഒ മാർ പരീക്ഷാഭവനിലേയ്ക്ക് 21/01/2017 ന് മുമ്പായി ഇ-മെയിൽ ചെയ്യേണ്ടതാണ്.

## 6. ചോദ്യപേപ്പർ തയ്യാറാക്കലും വിതരണവും

യു.എസ്.എസ് പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ നാലു പഠന മാധ്യമങ്ങളിൽ ആവശ്യമായ ചോദ്യപേപ്പർ തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിതരണം നടത്തുന്നതാണ്.

## 7. പരീക്ഷാകേന്ദ്രം

- സബ്ജില്ലയിലെ സൗകര്യപ്രദമായ യു.പി സാകൂളായിരിക്കണം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുക്കേണ്ടത്. പരീക്ഷാകേന്ദ്രത്തിന്റെ തെരഞ്ഞെടുപ്പ് പരീക്ഷാകേന്ദ്രത്തിന്റെ ചീഫ്, ഡെപ്യട്ടി ചീഫ്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം എ.ഇ.ഒ-യുടെ ചുമതലയായിരിക്കും. (എ.ഇ.ഒ പരീക്ഷാസമിതിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ച് ഇവരുടെ നിയമനം നടത്തണം.
- ഒരു ക്ലാസ് മുറിയിൽ 20 കുട്ടികൾക്ക് പരീക്ഷ എഴുതാവുന്നതാണ്. ഇപ്രകാരം 200 കുട്ടികൾക്കുവരെ ഒരു കേന്ദ്രത്തിൽ പരീക്ഷയെഴുതാവുന്നതാണ്. 200 ൽ കൂടുതൽ കുട്ടികളുണ്ടെങ്കിൽ സബ് ജില്ലാതലത്തിൽ ഒന്നിലേറെ കേന്ദ്രങ്ങൾ ഉണ്ടായിരിക്കണം.
- ഓരോ പരിക്ഷാകേന്ദ്രത്തിനും ഒരു ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ ഉണ്ടായിരിക്കണം. പരിക്ഷാകേന്ദ്രമായ സ്കൂളിലെ ഹെഡ്മാസ്റ്ററായിരിക്കണം - ചീഫ് സൂപ്രണ്ട്. അടുത്ത ഉപജില്ലയിലെ ഒരു യു.പി വിദ്യാലയത്തിലെ ഹെഡ്മാസ്റ്ററായിരിക്കണം - ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്.
- ഇൻവിജിലേറ്റർമാരായി നിയോഗിക്കുന്നത് തൊട്ടടുത്ത സബ് ജില്ലകളിൽ നിന്നുള്ള അധ്യാപകരെ ആയിരിക്കണം.
- എസ്.എസ്.എൽ.സി മൂല്യനിർണ്ണയം നടക്കുന്ന സ്കൂളുകൾ യു.എസ്.എസ്. സെന്ററിൽ നിന്നും പരമാവധി ഒഴിവാക്കേണ്ടതാണ്

## 8. മൂല്യനിർണയം

- ഒ.എം.ആർ ഷീറ്റുകൾ ഉപയോഗിച്ചാണ് മൂല്യനിർണയം നടത്തേണ്ടത്. പരീക്ഷാഭവൻ ഇതിനനുസരിച്ച് മൂല്യനിർണയം നിർവഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. രാവിലെ നടന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ (ഒ.എം.ആർ) പരീക്ഷയ്ക്കുശേഷം ഉച്ചയ്ക്കു മുമ്പു തന്നെ കേടുപാടുകൂടാതെ പായ്ക്ക് ചെയ്ത് സീൽ ചെയ്ത് വയ്ക്കേണ്ടതും ഉച്ചയ്ക്കുശേഷം നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ (ഒ.എം.ആർ) കേടുപാടുകൂടാതെ പായ്ക്ക് ചെയ്ത് സീൽ വച്ച് സെന്ററിൽ നിന്നും അന്നു തന്നെ ബന്ധപ്പെട്ട ഡി.ഇ.ഒ കളിൽ എത്തിക്കണം. ഡി.ഇ.ഒ യിൽ നിന്നും പരീക്ഷാഭവൻ ഈ ഉത്തരക്കടലാസുകൾ നേരിട്ട് ശേഖരിക്കുന്നതാണ്.

- **സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യത**

രണ്ടു പേപ്പറുകൾക്കും കൂടിആകെയുള്ള 90 സ്കോറിൽ 63 സ്കോറോ (70%) അതിൽ കൂടുതലോ കിട്ടിയാൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

## 9. പ്രതിഭാധനരെ തെരഞ്ഞെടുക്കൽ

പ്രതിഭാധനതായ വിദ്യാർത്ഥികളെ തെരഞ്ഞടുക്കുന്നതിനു വേണ്ടി സ്ക്രീനിംഗ് ടെസ്റ്റ് രീതിക്ക് പകരം യു.എസ്.എസ് പരീക്ഷയിൽ ലഭിക്കുന്ന സ്കോർ അനുസരിച്ച് ഇതിലേയ്ക്കുള്ള കുട്ടികളെ തെരഞ്ഞടുക്കാവുന്നതാണ്. ഇങ്ങനെ തെരഞ്ഞടുക്കുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കേണ്ടതാണ്. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ സ്കോർ നേടിയ 20 കുട്ടികളെയാണ് തെരഞ്ഞെടുക്കേണ്ടത്.

| | | |
|---|---|---|
| ജനറൽ വിഭാഗം | - | 15 |
| ഒ.ഇ.സി | - | 1 |
| എസ്.സി | - | 2 |
| എസ്.ടി. വിഭാഗം | - | 1 |
| സി.ഡബ്ല്യൂ.എസ്.എൻ വിഭാഗം | - | 1 |
| **ആകെ** | - | **20** |

ഒ.ഇ.സി വിഭാഗത്തിൽ കുട്ടികൾ ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്ന് ഒരാളെ ക്കൂടി പരിഗണിക്കാം. എസ്. സി. വിഭാഗത്തിൽ നിന്ന് കുട്ടികളില്ലെങ്കിൽ ഉയർന്ന റാങ്ക് നേടിയ ഒരു ഒ.ഇ.സി അതുമല്ലെങ്കിൽ ജനറൽ വിഭാഗത്തിലെ ഒരു കുട്ടിയെക്കൂടി പരിഗണിക്കാവുന്നതാണ്. എസ്.ടി വിഭാഗത്തിൽ കുട്ടികളില്ലെങ്കിൽ ഒരു കുട്ടിയെക്കൂടി എസ്. സി. വിഭാഗത്തിൽ നിന്നും പരിഗണിക്കണം. ഈ വിഭാഗങ്ങളിൽ കുട്ടികളില്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്നും ഒരാളെ തെരഞ്ഞടുക്കാവുന്നതാണ്. സംവരണ വിഭാഗങ്ങളിലൊന്നും കുട്ടികളില്ലെങ്കിൽ എല്ലാവരേയും ജനറൽ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കണം.

**യു.എസ്.എസ്. പരീക്ഷ:-** ഉപജില്ലയിൽ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക ചീഫ് സൂപ്രണ്ടായിരിക്കും. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവർ പ്രസ്തുത സെന്ററിൽ പരീക്ഷയെഴുതുന്ന കുട്ടികളുടെ സ്കൂളുകളിൽ നിന്നുള്ളവരാകരുത്. ഇൻവിജിലേറ്റർമാരെ തെരഞ്ഞെടുക്കുമ്പോൾ അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ടവരെ മാത്രമേ നിയമിക്കാവൂ. ബി.പി.ഒ ഇൻവിജിലേറ്റേഴ്സ് ലിസ്റ്റ് തയ്യാറാക്കി എ.ഇ.ഒ യ്ക്ക് നൽകുകയും, എ.ഇ.ഒ ഉത്തരവ് നൽകുകയും വേണം.

എല്ലാ പരീക്ഷയിലും ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന അദ്ധ്യാപകരുടെ അടുത്ത ബന്ധുക്കൾ ആരും തന്നെ പരീക്ഷാഹാളിൽ ഇല്ലായെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പു വരുത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാ സെന്ററിൽ ഉണ്ടെങ്കിൽ

ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ ആരംഭിയ്ക്കുന്നതിനു മുമ്പു തന്നെ ചീഫ് സൂപ്ര ണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്നും ഒരു ഡിക്ലറേഷൻ എഴുതി വാങ്ങേണ്ടതാണ്.

**10. <u>ഫലപ്രഖ്യാപനം</u>**

ഒ.എം.ആർ വിലയിരുത്തലിന് ശേഷം വിദ്യാഭ്യാസ ജില്ല തിരിച്ച് പരീക്ഷാഭവൻ ഫല പ്രഖ്യാപനം നടത്തുന്നതാണ്. കഴിയുന്നതും മേയ് 31 നകം ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

**12. <u>സർട്ടിഫിക്കറ്റ് വിതരണം, സ്കോളർഷിപ്പ് തുക വിതരണം</u>.**

യു.എസ്.എസ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ നിന്നും നൽകുന്നതാണ്. സ്കോളർഷിപ്പ് തുക അടുത്ത അദ്ധ്യയന വർഷം ഒന്നാം ടേമിൽ വിതരണം ചെയ്യുന്നതാണ്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് എസ്.എസ്.എ ഫണ്ടിൽ നിന്നും നൽകുന്നതാണ്.

**13. <u>പൊതുനിർദ്ദേശങ്ങൾ</u>**

- പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ, തീയതി, ചോദ്യപേപ്പർ, ആവശ്യമായ ഫോറങ്ങൾ തുടങ്ങിയവ പരീക്ഷാഭവൻ തയ്യാറാക്കി നൽകും.

- യു.എസ്.എസ് പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കിയത് മാർഗ്ഗ നിർദ്ദേശത്തോടൊപ്പം നൽകുന്നതാണ്.

- ജില്ലാതലത്തിൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് പരിശീലനം നൽകണം. പരീക്ഷയിൽ വരുന്ന മാറ്റങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനായി സബ്ജില്ലാതലത്തിൽ ഹെഡ്മാസ്റ്റർ മാരുടെ യോഗത്തിൽ പുതിയ രീതികൾ വിശദീകരിക്കണം. എസ്.ആർ.ജി കൺവീനർമാർക്കും പുതിയ രീതി പരിചയപ്പെടുത്തണം.

- പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർക്ക് ജില്ലാതലത്തിൽ ഡയറ്റിന്റെ നേതൃത്വത്തിൽ പരിശീലനം നൽകണം.

- പരീക്ഷയുടെ ദിവസം അതാതു കേന്ദ്രങ്ങളിൽ പരീക്ഷാ സമിതിയുടെ സാന്നിദ്ധ്യം ഉറപ്പാക്കണം.

- ജില്ലയിലെ മൊത്തം പരീക്ഷാ പ്രവർത്തനങ്ങൾ ജില്ലാതല പരീക്ഷാ സമിതി മോണിറ്റർ ചെയ്യണം.

- ഒ.എം.ആർ അനുസരിച്ചുള്ള പരീക്ഷ എഴുതുന്നതിനുള്ള പരിശീലനം പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും നൽകുന്നതിനുള്ള നടപടി ജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്.

***പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.***

## എൽ.എസ്.എസ്/യു.എസ്.എസ്. പരീക്ഷയുടെ പ്രവർത്തന കലണ്ടർ

| ക്രമ.നം. | പ്രവർത്തനങ്ങൾ | തീയതി |
|---|---|---|
| 1 | ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് ഡയറ്റ് ഫാക്കൽറ്റി ഡി.ഇ.ഒ യിലെ സെക്ഷൻ ക്ലാർക്ക്, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ,ക്ലാർക്കുമാർ എന്നിവർക്കുള്ള സോണൽ മീറ്റിംഗ് | 16/01/2017 (സൗത്ത്)<br>17/01/2017 സെൻട്രൽ)<br>18/01/2017 (നോർത്ത്) |
| 2 | പരീക്ഷാഭവനിൽ നിന്നും വെബ്സൈറ്റ് ആക്ടീവ് ആക്കുന്നത് | 19/01/2017 |
| 3 | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ വെബ്സൈറ്റ് സജ്ജമാക്കേണ്ട തീയതി | 19/01/2017 |
| 4 | സ്കൂൾ ഓൺലൈൻ ആരംഭിക്കേണ്ട തീയതി | 19/01/2017 |
| 5 | രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട തീയതി | 27/01/2017 |
| 6 | പരീക്ഷാർത്ഥികളുടെ അന്തിമ പട്ടിക എ.ഇ.ഒ മാർക്ക് സമർപ്പിക്കേണ്ട തീയതി | 30/01/2017 |
| 7 | പരീക്ഷാർത്ഥികളുടെ എണ്ണത്തിലുള്ള കുറവുകൊണ്ടോ അവിചാരിതമായി ഉണ്ടായ മറ്റേതെങ്കിലും പ്രശ്നങ്ങൾ മൂലമോ ഏതെങ്കിലും സെന്ററുകൾ മാറ്റുകയോ റദ്ദാക്കുകയോ തമ്മിൽ ലയിപ്പിക്കുകയോ ചെയ്യേണ്ടി വന്നാൽ മേലധികാരികളുടെ ഉത്തരവിനനുസരിച്ച് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ വെബ്സൈറ്റിൽ മാറ്റങ്ങൾ വരുത്തേണ്ട അവസാന തീയതി | 30/01/2017 |
| 8 | ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റ് ഡി.ഇ.ഒ യ്ക്ക് നൽകേണ്ട തീയതി | 31/01/2017 |
| 9 | പരീക്ഷാഭവനിൽ നിന്നും രജിസ്റ്റർ നമ്പരുകൾ അനുവദിക്കുന്ന തീയതി | 17/02/2017 |
| 10 | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരീക്ഷാസെന്റർ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉള്ള പട്ടിക ഡൗൺലോഡ് ചെയ്ത് സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ട അവസാന തീയതി | 18/02/2017 |
| 11 | പ്രധാനാധ്യാപകൻ ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തി സെന്റർ ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങി അന്തിമമാക്കി പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട അവസാന തീയതി | 20/02/2017 |
| 12 | എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളുടെ തീയതി | 27/02/2017 |
| 13 | ഒ.എം.ആർ ഉത്തരക്കടലാസ് പരീക്ഷാ സെന്ററിൽ നിന്നും ഡി.ഇ.ഒ യ്ക്ക് എത്തിക്കേണ്ട തീയതി (യു.എസ്.എസ് മാത്രം) | 27/02/2017 |
| 14 | ഒ.എം.ആർ ഉത്തരക്കടലാസ് ഡി.ഇ.ഒ യിൽ നിന്ന് നേരിട്ട് പരീക്ഷാഭവൻ ശേഖരിക്കുന്നത് (യു.എസ്.എസ് മാത്രം) | 28/02/2017 |
| 15 | എൽ.എസ്.എസ് ഉത്തരക്കടലാസുകൾ സെന്ററുകളിൽ നിന്നും ശേഖരിച്ച് മൂല്യനിർണ്ണയ ക്യാമ്പിലെത്തിക്കേണ്ടത് | 27/02/2017 |
| 16 | എൽ.എസ്.എസ് പരീക്ഷ മൂല്യനിർണ്ണയം അരംഭിക്കേണ്ട തീയതി | 28/02/2017 |
| 17 | എൽ.എസ്.എസ് സ്കോർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ട തീയതി | 28/03/2017 |

**(ഒപ്പ്)**
**കെ.വി.മോഹൻകുമാർ ഐ.എ.എസ്**
**പരീക്ഷാ കമ്മിഷണർ**

# എൽ.എസ്.എസ്. പരീക്ഷ
## മാതൃകാചോദ്യങ്ങൾ
## പേപ്പർ 1 പാർട്ട് എ (മലയാളം)

**വിശദമായി ഉത്തരം എഴുതേണ്ടവ**

ഈ കവിത വായിക്കുക

1. **മകനോട്**

നിനക്കു വീഴ്ച വന്നാലും
നിൻ നന്മ വെടിയൊല്ല നീ.
മലർ കാറ്റേറ്റു വീണാലും
മണമില്ലാത്തതാകുമോ?

അന്യന്നുയർച്ച കാണുമ്പോ-
ളാനന്ദിക്കേണ്ടതാണു നീ,
മഴക്കാർ വാനിലേറുമ്പോൾ
മയിലാടുന്നു കൗതുകാൽ.

താൻ കൊടുംവെയിൽ കൊണ്ടിട്ടു
തണലേകുന്നു തൈമരം,
നിനക്കു ദു:ഖം വന്നാലും
നീയന്യനു തുണയ്ക്കണം.

ആലിൻതയ്യിന്നൊരാൾ വെള്ള-
മലിവോടെയൊഴിക്കയാൽ
വളരുമ്പോളതേകുന്നു
വരുവോർക്കൊക്കെയും തണൽ.

കയ്ക്കും പഴങ്ങളേ കിട്ടൂ
കാഞ്ഞിരക്കുരു പാകിയാൽ;
തിന്മ ചെയ്താൽ നിനക്കെന്നും
തികയും ദു:ഖമേ വരൂ.

പറന്നുപോയ കിളിയെ-
പ്പ്ക്ഷേ, വീണ്ടും പിടിച്ചിടാം;
കാലമോ പോവുകിൽപ്പോയീ,
കരുതിജ്ജോലിചെയ്ക നീ.

(ജി. ശങ്കരക്കുറുപ്പ്)

(എ) കവിത നൽകുന്ന പ്രധാനപ്പെട്ട ഉപദേശം എന്താണ്? (1 സ്കോർ)
(ബി) 'കരുതിജ്ജോലി ചെയ്ക നീ' എന്നു പറയാൻ കാരണമെന്ത്? (1 സ്കോർ)
(സി) 'മകനോട്' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക (3 സ്കോർ)

**സൂചകങ്ങൾ**

(എ) നന്മ ചെയ്യുക (1 സ്കോർ)
(ബി) പോയകാലത്തെ തിരിച്ചുപിടിക്കാൻ കഴിയില്ല. അതുകൊണ്ട് ഓരോ നിമിഷവും കരുതി പ്രവർത്തിക്കുക (1 സ്കോർ)

(സി) ആസ്വാദനക്കുറിപ്പ്- കവിതയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് (1 സ്കോർ)- കവിതയിലെ പ്രയോഗങ്ങൾ, കല്പനകൾ എന്നിവ വിശകലനം ചെയ്തിട്ടുണ്ട് (1 സ്കോർ)- ആത്മാംശം കലർന്ന ഭാഷ (1 സ്കോർ)

**2. കഥ വായിക്കുക**

ഒരിക്കൽ രണ്ടു ഭിക്ഷുക്കൾ തോണിയിൽ പുഴ കടക്കുകയായിരുന്നു. ഒരാൾ വളരെ പ്രായമുള്ളവനും ഇതരൻ വളരെ ചെറുപ്പവും. ''സൂര്യാസ്തമയത്തിനു മുൻപ് ഞങ്ങൾക്ക് നഗരകവാടത്തിൽ എത്താനാവുമോ?'' അവർ തോണിക്കാരനോടു ചോദിച്ചു. കാരണം, സഞ്ചാരയോഗ്യമല്ലാത്ത ഒരു മലമ്പ്രദേശം അവർക്കു പിന്നിടാനുണ്ട്. സൂര്യൻ അസ്തമിക്കുകയാണ്. കൂടിയാൽ അര മണിക്കൂർ അവർക്കു കിട്ടും. അതിനു മുൻപ് അവർ അവിടെയെത്തണം. കാരണം, നഗരകവാടമടച്ചാൽ രാത്രി മുഴുവൻ വനപ്രദേശത്തു കഴിയണം. അതപകടമാണ്. വന്യമൃഗങ്ങൾ ഏറെയുള്ള ഒരു വനമാണത്.

മിതഭാഷിയായ തോണിക്കാരൻ പറഞ്ഞു: ''നിങ്ങൾ വളരെ മെല്ലെ പോകണം; എന്നാലവിടെ എത്താൻ കഴിയും.'' വൃദ്ധന് അത് നന്നായി മനസ്സിലായി. യുവാവ് വളരെ വേഗത്തിലായിരുന്നു. വൃദ്ധൻ യുവാവിനോട് മൊഴിഞ്ഞു. ''അതെ, പതുക്കെ പോകണം...! എനിക്കതു മനസ്സലായി!'' യുവാവ് തിരിച്ചടിച്ചതുപോലെ പറഞ്ഞു: ''നിങ്ങളിരുവരും വിഡ്ഢികളാണ്. പതുക്കെ പോയാൽ എങ്ങനെ വേഗം അവിടെയെത്തും?'' വൃദ്ധനെ തനിച്ചാക്കി അയാൾ ഓടാൻ തുടങ്ങി.

ചെങ്കുത്തായ ചരിവുകളും തിരിവുകളുമുള്ള ഒരു മലഞ്ചരിവായിരുന്നു മുന്നിൽ. സമയമെടുത്ത് ദുർഗമമായ ഒരു ഭാഗത്ത് വൃദ്ധനെത്തി. വളരെ പതുക്കെയാണദ്ദേഹം വന്നത്. അവിടെ യുവാവ് അടിപതറി, നോക്കെത്താത്ത അത്രയും താഴെ വീണ് ദേഹമാകെ മുറിഞ്ഞ് കൈയിലുള്ളതൊക്കെ ചിന്നിച്ചിതറി വിലപിക്കുന്നുണ്ടായിരുന്നു. വൃദ്ധൻ യുവാവിനു നേരെ ദയയോടെ ഒന്നു നോക്കുക മാത്രം ചെയ്തു. ഒരാൾക്കും രക്ഷപ്പെടുത്താനാവാത്ത നിലയിലുള്ള അയാളെ നോക്കി വൃദ്ധൻ സ്വയം മൊഴിഞ്ഞു: ''വേഗത്തിലെത്താനായി ശ്രമിച്ചു. ഒടുവിൽ ഒരിക്കലുമവിടെ എത്താതെയുമായല്ലോ...!''
യുവാവ് കാട്ടുമൃഗങ്ങളാൽ ഭക്ഷിക്കപ്പെടുകയും വൃദ്ധൻ സൂര്യനസ്തമിക്കും മുൻപ് നഗരകവാടത്തിലെത്തി രക്ഷപ്പെടുകയും ചെയ്തു.

(ജീവിതഗാനം - പി.എൻ. ദാസ്)

(എ). വൃദ്ധൻ ലക്ഷ്യത്തിലെത്താനും യുവാവ് അപകടത്തിൽ പെടാനും ഇടയായ സാഹചര്യം ഏത്?

(1 സ്കോർ)

(ബി) അമിതവേഗം കൊണ്ടുള്ള അപകടങ്ങളെക്കുറിച്ച് ദിവസേന നാം കേൾക്കാറുണ്ടല്ലോ. ഈ വിഷയത്തെക്കുറിച്ച് ഒരു ലഘു ഉപന്യാസം തയാറാക്കുക? (1 സ്കോർ)

**സൂചകങ്ങൾ**

(എ) വൃദ്ധൻ ദുർഗമമായ വഴികളിലൂടെ പതുക്കെ സഞ്ചരിച്ചു. അതുകൊണ്ട് അപകടം പിണഞ്ഞില്ല. യുവാവ് വേഗത്തിൽ സഞ്ചരിച്ചതുകൊണ്ട് നോക്കെത്താത്ത് അത്രയും താഴെ വീണ് അപായത്തിൽപ്പെട്ടു. (1 സ്കോർ)
(ബി) ഉപന്യാസം

- യോജിച്ച ഉപക്രമം (1 സ്കോർ)
  - ആശയങ്ങൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ട് (1 സ്കോർ)
  - സ്വന്തം കാഴ്ചപ്പാടുകൾ യുക്തിയുക്തം അവതരിപ്പിച്ചിട്ടുണ്ട് (1 സ്കോർ)
  - ഉപസംഹാരം (1 സ്കോർ)

**ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ടവ**

1. പ്രശസ്ത ബാലസാഹിത്യകാരനായ മാലിയെക്കുറിച്ച് നിങ്ങൾ കോട്ടിരിക്കുമല്ലോ. അദ്ദേഹത്തിന്റെ യഥാർഥ പേരെന്താണ് ? (1 സ്കോർ)
2. ''കൂരിരുട്ടിന്റെ കിടാത്തി,യെന്നാൽ
   സൂര്യപ്രകാശത്തിനുറ്റ തോഴി'' - ഈ വരികൾ ആരുടേതാണ് ? (1 സ്കോർ)
3. 'മാൺപ്' എന്ന പദത്തിന്റെ അർഥം എഴുതുക ? (1 സ്കോർ)
4. 'ചേലൊത്ത' - പിരിച്ചെഴുതുക ? (1 സ്കോർ)
5. 'വെള്ളപൂശുക' - എന്ന ശൈലിയുടെ അർഥം എന്താണ് ?(1 സ്കോർ)
6. 'അരിയെത്ര? പയറഞ്ഞാഴി' - എന്ന പഴഞ്ചൊല്ലിന്റെ അർഥം തിരഞ്ഞെടുത്ത് എഴുതുക? (1 സ്കോർ)
   (എ) കേട്ടില്ലെന്ന് നടിക്കുക.
   (ബി) അസംബന്ധം പറയുക.
   (സി) ധിക്കാരം കാണിക്കുക.
   (ഡി) തർക്കുത്തരം പറയുക.
7. കൂട്ടത്തിൽപ്പെടാത്തത് ഏത്? (1 സ്കോർ)
   (എ) അംബരം
   (ബി) ഗഗനം
   (സി) ഭുവനം
   (ഡി) വാനം
8. ഉചിതമായ ചിഹ്നം ചേർക്കുക (1 സ്കോർ)
   പഠനയാത്ര ഉല്ലാസകരമായിരുന്നു വിജ്ഞാനപ്രദവും.
   (എ) -
   (ബി) ,
   (സി) ;
   (ഡി) !
9. ശരിയായ പദമേത്? (1 സ്കോർ)
   (എ) ശൃംഘലം
   (ബി) അതിഥി
   (സി) ആതിഥേയൻ
   (ഡി) വിഞ്ജാനം
10. കഥാപാത്രങ്ങൾ പാടി അഭിനയിക്കുന്ന കലാരൂപം ഏതാണ്? (1സ്കോർ)
   (എ) കഥകളി
   (ബി) ഓട്ടൻതുള്ളൽ
   (സി) മോഹിനിയാട്ടം
   (ഡി) ഭരതനാട്യം

## ഉത്തരസൂചിക

1. വി. മാധവൻ നായർ
2. വൈലോപ്പിള്ളി ശ്രധരമേനോൻ
3. അഴക്
4. ചേല് + ഒത്ത
5. സത്യാവസ്ഥ മറച്ചു പിടിക്കുക
6. അസംബന്ധം പറയുക
7. ഭുവനം
8. ;
9. ആതിഥേയൻ
10. ഓട്ടൻതുള്ളൽ

# SAMPLE QUESTIONS
## Paper I Part B
## (ENGLISH)

---

**I**

**(a) Answer the riddle given below.**

(1 Score)

I am the biggest bird. I can't fly.
I have a long neck, I live in desert.
Who am I ?

| |
|---|
| |

**(b) Choose appropriate word from the bracket**

I am Penguin. I can't fly. I like to swim and dive in water. I live in.................. place

(sunny, snowy, rainy, cloudy) (1 Score)

**(c) Write a description about any bird that you see around your house.** (3 Score)

**II**

(a) Make a meaningful word from the letters given. (1 Score)

| A | R | D | G | N | A | L |
|---|---|---|---|---|---|---|

| |
|---|
| |

(b) Choose the odd one (1 Score)

[snake charmer, nightingale, hawker, giant wheel]

| |
|---|
| |

(c) Read the following poem and add more lines. (3 Score)

**Summer Fair**

Today I saw a snake charmer
Sitting under a big tree
Playing on his cute flute.
What a lovely music!

Then I saw a sweet seller.
Standing near the garden
Selling his tasty sweets
What a lovely tast!

............................................
............................................
............................................
............................................

## SCORING INDICATORS – ENGLISH

I

a. Ostrich (1 Score)
b. Snowy (1 Score)
c. Description

. At least 5 relevant (thematically linked) well structured sentences – 3 scores.
. 3 or more relevant (thematically linked) well structured sentences – 2 scores.
. 1 or more relevant (thematically linked) well structured sentences – 1 score.

II

a. Garland (1 Score)
b. Nightingale (1 Score)
c. Add more lines (3 Score)

Add at least one stanza considering

Thematic grid (1 Score)
Structural grid (1 Score)
Rhythm (1 Score)

# എൽ.എസ്.എസ്. പരീക്ഷ
# മാതൃകാചോദ്യങ്ങൾ

## പേപ്പർ 2 - പാർട്ട് A പരിസരപഠനം



**വിശദമായി ഉത്തരം എഴുതേണ്ടവ**

1.
(എ) ചിത്രത്തിൽ കാണുന്നതു പോലെ ഒരു കുപ്പിയുടെ മുകളിൽ ഒരു ഫണൽ (ചോർപ്പ്) ഉറപ്പിച്ച ശേഷം വെള്ളമൊഴിച്ചു. ഫണലിൽ നിന്ന് അൽപ്പം ജലം കുപ്പിയിലേക്ക് വീണു. ബാക്കി ജലം ഫണലിൽ അവശേഷിച്ചു. ഫണലിലെ ബാക്കി ജലം മുഴുവൻ കുപ്പിക്കകത്ത് വീഴ്ത്താൻ മൂന്ന് വ്യത്യസ്ത മാർഗങ്ങൾ എഴുതുക? (3 സ്കോർ)

(ബി) ഫണലിലെ വെള്ളം കുപ്പിയിൽ വീഴാതിരിക്കാൻ കാരണമെന്ത്? (2 സ്കോർ)

2. രണ്ട് ജീവികളുടെ സവിശേഷതകളാണ് താഴെ കൊടുത്തിരിക്കുന്നത്. ജീവികൾ ഏതെന്ന് കണ്ടെത്തി ഓരോന്നിന്റേയും സവിശേഷതകൾ പട്ടികപ്പെടുത്തുക? (ആകെ 5 സ്കോർ)

(1) ഉഭയജീവിയാണ്

(2) മരുഭൂമിയിലെ കപ്പൽ എന്നറിയപ്പെടുന്നു.

(3) വെള്ളം കുടിക്കാതെ ദിവസങ്ങളോളം ജീവിക്കാൻ കഴിയുന്നു.

(4) വെള്ളത്തിലും ശ്വസിക്കാൻ കഴിയുന്നു.

(5) മുതുകിലെ പൂഞ്ഞയിൽ കൊഴുപ്പ് സംഭരിച്ചിരിക്കുന്നു.

(6) വിരലുകളിൽ ചർമ്മ ബന്ധമുണ്ട്

(7) ഒറ്റ കുളമ്പുള്ള ജീവിയാണ്.

(8) കരയിലും വെള്ളത്തിലുമായി ജീവിതചക്രം പൂർത്തിയാക്കുന്നു.

(9) പിൻകാൽ നീളം കൂടിയതാണ്.

3. ജീവജാലങ്ങൾ പലതരത്തിലുള്ള സേവനങ്ങൾ ഭൂമിക്കുവേണ്ടി ചെയ്യുന്നുണ്ടല്ലോ

(എ) പക്ഷികൾ ചെയ്യുന്ന നാല് സേവനങ്ങൾ എഴുതുക (4 സ്കോർ)

(ബി) ഒരു പക്ഷിയുടെ വംശനാശത്തെ തുടർന്ന് ഭൂമുഖത്ത് നിന്ന് നാമാവശേഷമായ വൃക്ഷം ഏത്?

(1 സ്കോർ)

4.
(എ) പണ്ട് കൃഷിക്ക് ഉപയോഗിച്ചിരുന്ന രണ്ട് ഉപകരണങ്ങളാണ് കലപ്പയും ജലചക്രവും. ഇവയുടെ ഉപയോഗവും പ്രവർത്തനങ്ങളും വിശദീകരിക്കാൻ വേണ്ടി ഒരു കുറിപ്പ് തയാറാക്കണം. ഈ കുറിപ്പ് തയാറാക്കാനുള്ള പ്രധാന കാര്യങ്ങൾ മാത്രം എഴുതുക ? (3 സ്കോർ)

(ബി) കലപ്പയ്ക്കും ജലചക്രത്തിനും പകരം നാം ഇന്നുപയോഗിക്കുന്ന യന്ത്രങ്ങളുടെ പേര് എഴുതുക (2 സ്കോർ)

## ഉത്തരസൂചിക (പരിസരപഠനം)

1. (1)
   (എ) കുപ്പിയിലെ ഫണൽ ഉയർത്തുക
   (ബി) ഫണലിൽ ഈർക്കിൽ/സ്ട്രോ ഇറക്കുക
   (സി) കുപ്പി വേഗത്തിൽ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുക
   (ഡി) കുപ്പി സാവധാനത്തിൽ നിലത്ത് മുട്ടുക
   (ഇ) പാർശ്വത്തിൽ സുഷിരമുണ്ടാക്കുന്നു. (3 സ്കോർ)

**5 ശരിയുത്തരത്തിന് - 3 സ്കോർ**
**3 ശരിയുത്തരത്തിന് - 2 സ്കോർ**
**1 ശരിയുത്തരത്തിന് - 1 സ്കോർ**

(2) വായുവിന് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്.
രണ്ട് വസ്തുക്കൾക്ക് ഒരേ സമയം ഒരു സ്ഥലത്ത് സ്ഥിതിചെയ്യാൻ സാധ്യമല്ല. (2 സ്കോർ)

2.

| തവള | ഒട്ടകം |
|---|---|
| 1. ഉഭയജീവിയാണ്.<br>2. വെള്ളത്തിലും ശ്വസിക്കാൻ കഴിയുന്നു.<br>3. വിരലുകളിൽ ചർമബന്ധമുണ്ട്<br>4. കരയിലും വെള്ളത്തിലുമായി ജീവിത ചക്രം പൂർത്തിയാക്കുന്നു .<br>5. പിൻകാൽ നീളം കൂടിയതാണ്. | 1. മരുഭൂമിയിലെ കപ്പൽ എന്നറിയപ്പെടുന്നു<br>2. വെള്ളം കുടിക്കാതെ ദിവസങ്ങളോളം ജീവിക്കാൻ കഴിയുന്നു<br>3. മുതുകിലെ പൂഞ്ഞയിൽ കൊഴുപ്പ് സംഭരിച്ചിരിക്കുന്നു<br>4. ഒറ്റ കുളമ്പുള്ള ജീവിയാണ്. |

ജീവികളുടെ പേര് കണ്ടെത്തി എഴുതിയാൽ 1 സ്കോർ
ഓരോ ജീവിയുടെയും 4 വീതം സവിശേഷതകൾ കൃത്യമായി പട്ടികപ്പെടുത്തിയാൽ 4 സ്കോർ

3 വീതം - 3 സ്കോർ
2 വീതം - 2 സ്കോർ
1 വീതം - 1 സ്കോർ

3. (എ)
   1. പ്രകൃതി ശുചീകരിക്കുന്നു.
   2. വിത്തുവിതരണം നടത്തുന്നു.
   3. പൂക്കളിൽ പരാഗണം നടത്തുന്നു.

4. കീടങ്ങളെ തിന്നു നശിപ്പിക്കുന്നു.

(ഓരോന്നിനും 1 സ്കോർ വീതം - 4 സ്കോർ)

(ബി) ഡോഡോ മരം അല്ലെങ്കിൽ കാലിഫോർണിയ മേജർ (1 സ്കോർ)

4 (എ) കലപ്പ

1. നിലം ഉഴാൻ ഉപയോഗിക്കുന്നു
2. കലപ്പ വലിക്കാൻ കാള, പോത്ത് തുടങ്ങിയ മൃഗങ്ങളെ ഉപയോഗിക്കുന്നു.
3. കരിയും നുകവും ഉണ്ടായിരിക്കും
4. മനുഷ്യരും പണ്ട് നുകം വലിച്ചിരുന്നു
5. മണ്ണിളക്കുന്നതിന് ഏറ്റവും നല്ല ഉപകരണമായിരുന്നു

**ജലചക്രം**

6. ഉയരമുള്ള കൃഷിഭൂമിയിലേക്ക് താഴെ നിന്ന് ജലം എത്തിക്കാൻ ഉപയോഗിച്ചു
7. മനുഷ്യൻ കയറി ഇരുന്ന് ചക്രം ചവിട്ടിത്തിരിക്കുന്നു
8. തോട്ടിലോ പുഴയിലോ ചാലിലോ ഉറപ്പിച്ചു വച്ചാണ് ചെയ്യുന്നത്
9. പ്രവർത്തിപ്പിക്കാൻ എളുപ്പമാണ്.
9. മരപ്പലകയും ചക്രവും ഉപയോഗിച്ച് ഉണ്ടാക്കുന്നു

ഏതെങ്കിലും 7 ശരിയുത്തരത്തിന് 3 സ്കോർ
5 ന് 2 സ്കോർ
3 ന് 1 സ്കോർ

4. (ബി)

ട്രില്ലർ/ട്രാക്ടർ എന്നെഴുതിയാൽ (1 സ്കോർ)
ജലപമ്പ്/മോട്ടോർ എന്നെഴുതിയാൽ (1 സ്കോർ)

**ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ട ചോദ്യങ്ങൾ**

1. പൂർണമായി കാറ്റ് നിറയ്ക്കാത്ത ഒരു ബലൂൺ വീർപ്പിച്ച് ചുറ്റും നൂലുകൊണ്ട് മുറുക്കി കെട്ടി വെയിലത്തിട്ടു അൽപ്പസമയം കഴിഞ്ഞപ്പോൾ ബലൂൺ വീർത്തു വന്നു. വായുവിന്റെ ഏതു സ്വഭാവമാണ് ഇതിനു കാരണം?
(1 സ്കോർ)

2. ഇന്ത്യയിൽ കേന്ദ്രഭരണ പ്രദേശങ്ങൾ 6 എണ്ണമുണ്ടല്ലോ. ഇതിൽ തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന കേന്ദ്രഭരണപ്രദേശം ഏതാണ് ?
(1 സ്കോർ)

3. ചുവടെ കൊടുത്തിരിക്കുന്ന പക്ഷികളുടെ കൂട്ടത്തിൽ പറക്കാത്ത പക്ഷിക്കൂട്ടങ്ങൾ ഏതാണ് ?
(1 സ്കോർ)

(എ). പെൻഗ്വിൻ, കുളക്കൊക്ക്, കുട്ടുറവാൻ, ബുൾബുൾ
(ബി) എമു, മരംകൊത്തി, കരിങ്കുയിൽ, കിവി
(സി) കിവി, നീർക്കാക്ക, ചിന്നമുണ്ടി, കാലിമുണ്ടി
(ഡി) ഒട്ടകപ്പക്ഷി, എമു, പെൻഗ്വിൻ, കിവി

**ഉത്തരസൂചിക**

1. ചൂടുകൊണ്ട് വായു വികസിക്കുന്നു
2. പോണ്ടിച്ചേരി
3. ഡി. ഒട്ടകപ്പക്ഷി, എമു, പെൻഗ്വിൻ, കിവി

# എൽ.എസ്.എസ്. പരീക്ഷ
## മാതൃകാചോദ്യങ്ങൾ
### പേപ്പർ 1 – പാർട്ട് സി – പൊതുവിജ്ഞാനം

1. ‘പെലെ’ ഏതു കളിയുമായി ബന്ധപ്പെട്ട താരമാണ് ?
   (എ) ക്രിക്കറ്റ് (ബി) ഫുട്ബാൾ (സി) ഹോക്കി (ഡി) ടെന്നീസ്
2. 2015 വർഷത്തിന്റെ അന്താരാഷ്ട്രാ പ്രാധാന്യം ചുവടെ കൊടുത്തവയിൽ നിന്ന് കണ്ടെത്തുക.
   (എ) രസതന്ത്രവർഷം (ബി) വവ്വാൽ വർഷം
   (സി) പ്രകാശവർഷം (ഡി) ജൈവവൈവിധ്യ വർഷം
3. എലിപ്പനി പകരുന്നത് ഏതു വഴിക്കാണ് ?
   (എ) വായുവിലൂടെ (ബി) ജലത്തിലൂടെ
   (സി) ഭക്ഷണത്തിലൂടെ (ഡി) കൊതുകുകൾ വഴി
4. പ്രഥമശുശ്രൂഷപ്പെട്ടിയിൽ (First Aid Box) അത്യാവശ്യമല്ലാത്തത് ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?
   (എ) ത്രികോണബാന്റേജ് (ബി) സ്പ്ലിന്റ്
   (സി) തൂണി (ഡി) വേദനസംഹാരി
5. വൈദ്യുതി ലാഭിക്കാൻ നാം LED ഉപയോഗിക്കാറുണ്ടല്ലോ എൽ. ഇ. ഡി (L.E.D) യുടെ പൂർണരൂപം എന്ത്?
6. ‘ഒറിഗാമി’ എന്നത് കടലാസ് മടക്കി രൂപങ്ങൾ രൂപങ്ങൾ ഉണ്ടാക്കുക എന്നതാണല്ലോ. ഒറിഗാമി എന്ന പദം ഏത് ഭാഷയുമായി ബന്ധപ്പെട്ടതാണ്?
   (എ) ചൈനീസ് (ബി) ജാപ്പനീസ്
   (സി) ഫ്രഞ്ച് (ഡി) ഗ്രീക്ക്
7. B.M.I (ബി.എം.ഐ) യുടെ പൂർണ്ണരൂപം ഏതെന്ന് ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്ന് കണ്ടെത്തുക ?
   (എ) ബോഡി മിനിമം ഇൻഡക്സ് (ബി) ബോഡിമെഷറിംഗ് ഇൻഡക്സ്
   (സി) ബോഡി മാസ് ഇൻഡക്സ് (ഡി) ബോഡി മാക്സിമം ഇൻഡക്സ്
8. 2015 നവംബറിൽ ഇന്ത്യ ഫ്രഞ്ച് ഗയാനയിൽ നിന്ന് ഒരു ഉപഗ്രഹം വിക്ഷേപിച്ചു. വാർത്താവിനിമയം ഉൾപ്പെടെ വിവിധ ഉദ്ദേശ്യങ്ങളാണ് ഇതിനുള്ളത്. ഉപഗ്രഹത്തിന്റെ പേരെന്ത് ?
9. ‘കേരളത്തിലെ പക്ഷികൾ’ എന്ന പുസ്തകം രചിച്ചത് ആരാണ് ?
10. കേരള കലാമണ്ഡലം സ്ഥിതി ചെയ്യുന്ന സ്ഥലം ഏതാണ് ?

## ഉത്തരസൂചിക

1. ഫുട്ബാൾ
2. പ്രകാശവർഷം
3. ജലത്തിലൂടെ
4. വേദനസംഹാരി
5. ലൈറ്റ് എമിറ്റിങ് ഡയോഡ്
6. ജാപ്പനീസ്
7. ബോഡി മാസ് ഇൻഡക്സ്
8. ജിസാറ്റ് 15
9. ഇന്ദുചൂഡൻ
10. ചെറുതുരുത്തി

# എൽ.എസ്.എസ്. പരീക്ഷ
## മാതൃകാചോദ്യങ്ങൾ
## പേപ്പർ 2 – പാർട്ട് ബി (ഗണിതം)

---

### വിശദമായി ഉത്തരം എഴുതേണ്ടവ

1. ലിസിയുടെ സ്കൂളിൽ നിന്ന് 45 കുട്ടികളും 8 അധ്യാപകരും പഠനയാത്രയ്ക്ക് പോയി. ബസ്സിന് ആദ്യത്തെ 100 കി.മീറ്ററിന് 5500 രൂപയും തുടർന്നുള്ള ഓരോ കി.മീറ്ററിനും 25 രൂപയുമാണ് ചാർജ്. ബസ് ആകെ 152 കി.മീ. ഓടി. ഭക്ഷണത്തിന് ഓരോ കുട്ടിക്കും 118 രൂപയും പ്രവേശന ടിക്കറ്റുകൾക്ക് ഓരോ കുട്ടിക്കും 42 രൂപയും ചെലവായി.

(എ) ബസ് ചാർജ് ഇനത്തിൽ ആകെ എത്ര രൂപ കൊടുക്കണം ?
(ബി) കുട്ടികൾക്ക് ഭക്ഷണത്തിന് ആകെ എത്ര രൂപയായി ?
(സി) ടിക്കറ്റിന് എല്ലാ കുട്ടികൾക്കും കൂടി എത്ര രൂപ കൊടുക്കണം ?
(ഡി) അധ്യാപകർക്ക് ഭക്ഷണത്തിന് ആകെ 1096 രൂപയാണ് ചെലവായത്. ഒരു അധ്യാപകന് ഈ ഇനത്തിൽ എത്ര രൂപ ചെലവായി ? (5 സ്കോർ)

**സൂചകങ്ങൾ**


(എ) ആകെ ബസ് ചാർജ് 6800 രൂപ എന്ന് കണക്കാക്കിയാൽ (1 സ്കോർ)

(ബി) ഭക്ഷണത്തിന് ആകെ ചെലവ് $118 \times 45 = 5310$ രൂപ (1 സ്കോർ)

(സി) പ്രവേശന ടിക്കറ്റിന് ആകെ $42 \times 45 = 1890$ എന്ന് കണക്കാക്കിയാൽ(1 സ്കോർ)

(ഡി) ഒരു അധ്യാപകന് ഭക്ഷണച്ചെലവ് $1096 \div 8 = 137$ രൂപ (1 സ്കോർ

2. അനീഷ് 8 സെ.മീ. നീളവും 6 സെ.മീ വീതിയുമുള്ള ഒരു ചതുരവും സുമ 10 സെ.മീ. നീളവും 6 സെ.മീ. വീതിയുമുള്ള മറ്റൊരു ചതുരവും കാർഡ് ബോർഡിൽ വെട്ടിയെടുത്തു 2 പേരും വെട്ടിയെടുത്ത ചതുരങ്ങളുടെ ചുറ്റളവിന്റെ വ്യത്യാസം എത്ര ?
(ബി) 2 പേരും വെട്ടിയെടുത്ത ചതുരങ്ങൾ ചേർത്തുവച്ച് ഒരു ചതുരം ഉണ്ടാക്കിയാൽ കിട്ടുന്ന വലിയ ചതുരത്തിന്റെ ചുറ്റളവെത്ര ?
(സി) രണ്ടുപേരും ഉണ്ടാക്കിയ ചതുരങ്ങൾ ചോർത്തുവച്ച് താഴെ കൊടുത്ത രൂപം ഉണ്ടാക്കി. ഈ രൂപത്തിന്റെ ചുറ്റളവെത്ര ? (5 സ്കോർ)



**സൂചകങ്ങൾ**

| | | |
|---|---|---|
| (എ) | അനീഷിന്റെ ചതുരത്തിന്റെ ചുറ്റളവ് 28 സെ.മീ | (1 സ്കോർ) |
| | സുമയുടെ ചതുരത്തിന്റെ ചുറ്റളവ് 32 സെ.മീ | (1 സ്കോർ) |
| | വ്യത്യാസം 4 സെ.മീ. | (1 സ്കോർ) |

(കുറിപ്പ്: നീളവ്യത്യാസം 2 ആയതുകൊണ്ട് ചുറ്റളവിലെ വ്യത്യാസം 4 എന്ന് കണക്കാക്കിയാലും 3 3 സ്കോർ കൊടുക്കാം.)

| | | |
|---|---|---|
| (ബി) | വലിയചതുരത്തിന്റെ ചുറ്റളവ് 48 സെ.മീ | (1 സ്കോർ) |
| (സി) | ചുറ്റളവ് 44 സെ.മീ. | (1 സ്കോർ) |

## ഹ്രസ്വമായി ഉത്തരം എഴുതേണ്ടവ

1. താഴെ കൊടുത്തവയിൽ തുടർച്ചയായ രണ്ട് എണ്ണൽ സംഖ്യകളുടെ തുക ഏതാണ് ?

   (എ) 4832 (ബി) 3574 (സി) 4365 (ഡി) 4444

2. 159 നെ 12 കൊണ്ട് ഗുണിക്കാൻ പറഞ്ഞപ്പോൾ അനീഷ് കണ്ടുപിടിച്ചത് $159 \times 21$ ആണ്. ഉത്തരങ്ങൾ തമ്മിലുള്ള വ്യത്യാസം എത്ര ?

3. 16 ടൺ 5 ക്വിന്റൽ 7 കി.ഗ്രാം എന്നത് എത്ര കി.ഗ്രാമാണ് ?

4. 02.20 pm ന് കോഴിക്കോട്ടു നിന്നു പുറപ്പെട്ട ഒരു ബസ് തിരുവനന്തപുരത്തെത്തിയത് അടുത്ത ദിവസം 01.05 am നാണ്. എങ്കിൽ യാത്രയ്ക്കെടുത്ത സമയം എത്ര ?


5. ഒരു പേനയ്ക്കും പെൻസിലിനും കൂടി 36 രൂപയാണ് വില. പേനയ്ക്ക് പെൻസിലിനേക്കാൾ 20 രൂപ കൂടുതലാണ്. പെൻസിലിന്റെ വിലയെത്ര?

6. 2 തേങ്ങ കൊടുത്താൽ 9 അടയ്ക്ക കിട്ടും. 99 അടയ്ക്ക കിട്ടാൻ എത്ര തേങ്ങ കൊടുക്കണം ?

7. 46 എന്നത് റോമൻ അക്കത്തിൽ എഴുതിയാൽ

   (A) XXXXVI (B) XLVI (C) XXXXIIIIII (D) XLIIIIII

8. മാതൃക നോക്കി 4 -ാ മത്തെ ചിത്രത്തിലെ ? ചിഹ്നം ഇട്ടിരിക്കുന്ന സ്ഥലത്തെ സംഖ്യ എഴുതുക.




9
1
2 3
4 5 6.
7 8 9 10
11 12 13 14 15

ഇത് തുടർന്നെഴുതിയാൽ പത്താമത്തെ വരിയിൽ ആദ്യ സംഖ്യ ഏതായിരിക്കും ?

10 ഒരു തുക 8 പേർക്ക് തുല്യമായി വീതിച്ചപ്പോൾ 6 രൂപ ബാക്കി വന്നു. വീതിച്ച സംഖ്യ 4 പേർക്ക് തുല്യമായി വീതിച്ചാൽ എത്ര രൂപ ബാക്കി വരും ?

## ഉത്തരസൂചിക

1. 4365
2. $159 \times 9 = 1431$
3. 16507 Kg
4. ........10 മണിക്കൂർ 45 മിനിറ്റ്
5. 8 രൂപ
6. 22 തേങ്ങ
7. XLVI
8. 12
9. 46
10. 2 രൂപ

# യു.എസ്.എസ് പരീക്ഷ 2015 – 2016

## പേപ്പർ – 1: ഒന്നാം ഭാഷ & ഗണിതം

---

### മാതൃകാ ചോദ്യങ്ങൾ

### പാർട്ട് എ: മലയാളം (ഭാഗം 1)

1. താഴെ കൊടുത്തിരിക്കുന്ന കൃതികളുടെ രചനാകാലത്തിനനുസരിച്ച് പഴയതിൽ നിന്നും പുതിയതിലേക്ക് ശരിയായ ക്രമീകരണം ഏത് ?

   A) ഉമ്മാച്ചു, ഇന്ദുലേഖ, വേരുകൾ, ആടുജീവിതം

   B) വേരുകൾ, ഉമ്മാച്ചു, ആടുജീവിതം, ഇന്ദുലേഖ

   C) ഉമ്മാച്ചു, ഇന്ദുലേഖ, വേരുകൾ, ആടുജീവിതം

   D) ഇന്ദുലേഖ, ഉമ്മാച്ചു, വേരുകൾ, ആടുജീവിതം

2. 'ഇവന്നു കൊടി പനി-
നീർ മുള്ളിൽ പടർന്നേറ്റു-
മൊരു കയ്പ വല്ലരി,
വാഗനം കടൽക്കാക്ക
പുലി നേർക്കുമ്പോളാണ-
വില്ലാണ് ദിവ്യായുധം'

ഈ കവിതാഭാഗം **ഒരു കവി മറ്റൊരു കവിതയെക്കുറിച്ചെഴുതിയതാണ്.**

**ഏതു കവി** ? **ആരെക്കുറിച്ച്** ?

   A) ആറ്റൂർ രവിവർമ്മ പി. കുഞ്ഞിരാമനെക്കുറിച്ച്

   B) സച്ചിദാനന്ദൻ വൈലോപ്പിള്ളിയെക്കുറിച്ച്

   C) സച്ചിദാനന്ദൻ കുമാരനാശാനെക്കുറിച്ച്

   D) ഡി. വിനയചന്ദ്രൻ പി. കുഞ്ഞിരാമൻ നായരെക്കുറിച്ച്

3 മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടൊരു സൗരഭ്യം-

ഈ വരികളോട് ഏറ്റവും യോജിച്ച വാക്യം താഴെ പറയുന്നവയിൽ ഏതാണ് ?

   A) മുല്ലപ്പൂമ്പൊടിക്കും കല്ലിനും സൗരഭ്യമുണ്ടാകും

   B) മുല്ലപ്പൂമ്പൊടിയുടെ മണം കല്ലിലേക്ക് പരക്കും

   C) നല്ലവരോട് കൂട്ടുകൂടുന്നവരും നല്ലവരായി മാറും

D) നന്മയാണ് പുണ്യം

4. താഴെ പറയുന്നവയിൽ ശരിയായി എഴുതിയ പദം ഏത് ?

A) തീയ്യതി

B) കൈയ്യക്ഷരം

C) അങ്ങനെ

D) പ്രസ്ഥാവന

5. ശരിയായ വാക്യമേത് ?

A) ഞാൻ സ്കൂളിൽ വരാത്തതിന് കാരണം പനിയായതുകൊണ്ടാണ്

B) അയാൾ തീ കൊളുത്തി സ്വയം ആത്മഹത്യ ചെയ്തു

C) ഈ പുസ്തകം മിനിക്കോ അല്ലെങ്കിൽ രമേശനോ കൊടുക്കണം

D) ഒരു കുട്ടി മാത്രമേ ഇനി വരാനുള്ളൂ

6. വാഴത്തോട്ടം എന്ന പദത്തിന്റെ അർത്ഥം ?

A) വാഴയും തോട്ടവും

B) വാഴകളുടെ തോട്ടം

C) വാഴ വെയ്ക്കാനുള്ള തോട്ടം

D) വാഴയ്ക്ക് വേണ്ടിയുള്ള തോട്ടം

7. ‘കുട്ടിക്കുപ്പായം’ പിരിച്ചെഴുതിയാൽ താഴെ കൊടുത്തവയിൽ ഏതായിരിക്കും ശരിയായത് ?

A) കുട്ടി + ക്കുപ്പായം

B) കുടി + കുപ്പായം

C) കുട്ടി + കുപ്പായം

D) കുടി + ക്കുപ്പായം

## പാർട്ട് എ: മലയാളം (ഭാഗം 2)

1. താഴെ പറയുന്നവയിൽ യാത്രാ വിവരണം അല്ലാത്ത കൃതിയേത് ?

   A) നൈൽഡയറി

   B) ഒരു തെരുവിന്റെ കഥ

   C) പാതിരാ സൂര്യന്റെ നാട്ടിൽ

   D) ബാലിദ്വീപ്

2. 'രണ്ടാമൂഴം' ആരുടെ കൃതിയാണ് ?

   A) തകഴി

   B) ഉറൂബ്

   C) എം.ടി. വാസുദേവൻ നായർ

   D) ഒ.വി. വിജയൻ

താഴെക്കൊടുത്ത ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം 3 മുതൽ 7 വരെ ചോദ്യങ്ങളുടെ ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക ?

ഞായറാഴ്ചയായതുകൊണ്ട് അന്നു മുഴുവൻ കോലായിലിരുന്ന് ഒരു കല്ല് ചെത്തിമിനുക്കുകയായിരുന്നു എന്റെ കൊച്ചുമകൻ. ഇടയ്ക്ക് ഊണോ ചായയോ കഴിക്കാൻ വിളിച്ചാൽ മാത്രം ഓടിവരും; വീണ്ടും പോയി പണി തുടങ്ങും. അന്തിക്കാറ്റു വീശിയപ്പോൾ അവൻ അതെന്റെ മുന്നിൽ മേശമേൽ കൊണ്ടു വന്നു വച്ചു. ചുവന്ന ഒരു ചെറു തോണി. ഞാനെടുത്തു തടവി നോക്കി. എന്തൊരു മിനുസം! നല്ല വടിവും. ഒരു പരുക്കൻ കല്ലിലെ സൗന്ദര്യവും ലാളിത്യവും തേടിപ്പിടിച്ച് വെളിപ്പെടുത്താൻ ആ ഇളം കൈകൾക്കു സാധിച്ചിരിക്കുന്നു. എട്ടൊമ്പതു മണിക്കൂറോളം ഏകാഗ്രമായി നിന്ന ശ്രദ്ധ. അവനതിനെ എത്രമാത്രം പ്രയപ്പെട്ടതാക്കിയിരിക്കുമെന്നോർത്തപ്പോൾ ആ കളിപ്പാട്ടത്തോടെനിക്ക് വാത്സല്യം തോന്നി. കുട്ടികളുടെ ഇത്തരം കൈവേലകളാണ് ഒരു വീടിന് ഏറ്റവും നല്ല അലങ്കാരവസ്തുക്കൾ. മോഹവില കൊടുത്തു വാങ്ങുന്ന മേത്തരം കലാശില്പങ്ങൾക്ക് ഇവയുടെ വൈകാരിക വശ്യതയെവിടെ? നിർമ്മാതാക്കൾ വളർന്ന് തങ്ങൾക്ക് ശ്രദ്ധയൂന്നാൻ കഴിയാത്ത തൊഴിലുകളിലേർപ്പെടുമ്പോഴും, പൂവിരിയും നാളുകളിലെ ആ സാന്ദ്രസൗരഭ്യത്തെ ഇവ മനസ്സിന്നനുഭവപ്പെടുത്തുന്നു.

ഇഷ്ടം പോലെ മനസ്സിനെ ഏകാഗ്രീകരിക്കാനാവാത്തതു കൊണ്ടാണ് വിദ്യാഭ്യാസത്തിന് ഏറെക്കാലം വേണ്ടിവരുന്നതെന്നും, കുട്ടികളെ ആദ്യമായി ഏകാഗ്രത ശീലിപ്പിക്കണമെന്നും വിവേകാനന്ദൻ പറയുന്നുണ്ട്. ഏകാഗ്രതയ്ക്കുള്ള കഴിവ് കുട്ടികളിൽ കൂടുതലാണുതാനും. നന്നെ ചെറിയതാണല്ലോ

അവരുടെ അനുഭൂതിമണ്ഡലം. പക്ഷേ സ്വമേധയാ ചെയ്യുന്ന ഒരു പ്രവൃത്തിയിലെന്നപോലെ തന്നിൽ നിർബന്ധപൂർവ്വം ചുമത്തപ്പെടുന്നതിൽ ശ്രദ്ധവെയ്ക്കാൻ അവർക്കു കഴിയാതെ വരുന്നു. എന്തിനെന്നറിയാത്ത ഇളം പ്രായത്തിൽ തന്നെ സ്കൂളിൽ ചേർക്കുന്നതും അച്ചടക്കത്തിന്റെ പേരിൽ അവിടെ നേരിടേണ്ടി വരുന്ന കയ്പുറ്റ അനുഭവങ്ങളും വിദ്യാഭ്യാസത്തിനു കൗതുകം വളർത്താനല്ല വെറുപ്പുണ്ടാക്കാനാണ് ഉതകാറ്. കൊച്ചു കുട്ടികൾക്കു മറ്റു കുട്ടികളുമായി കളിക്കാനും വീട്ടിലെ മുതിർന്നവരുമായി പെരുമാറാനും ധാരാളം സമയം നൽകുകയും അങ്ങിനെ വിവിധ വിഷയങ്ങളിൽ ജിജ്ഞാസ വളർത്തുകയുമാണ് നല്ലത്. തങ്ങളുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്താൻ കഴിയുന്ന ഒരു സ്ഥാപനമെന്ന നിലയിലാവണം വിദ്യാലയത്തെക്കുറിച്ചുള്ള അവരുടെ ആദ്യ സങ്കൽപ്പം. സ്കൂൾ വിദ്യാഭ്യാസം ഒരു സാമൂഹ്യ കാര്യമാണ്. അതിനു തനതായ പരിമിതികളുണ്ട്. ഓരോ വ്യക്തിക്കും തനിക്കഭിരുചി തോന്നുന്ന വിഷയം മാത്രം പഠിയ്ക്കാനുള്ള സാഹചര്യം അവിടെയില്ല.. ഉണ്ടാകുന്നതും ഉചിതമല്ല. ആദി കാലം മുതൽക്കിന്നോളം മനുഷ്യൻ നേടിവച്ച വിജ്ഞാനത്തിന്റെ ഒരു രത്ന ചുരുക്കം ഓരോ കുട്ടിയുടേയും ജന്മാവകാശമാണ്. അതെടുത്തുപയോഗിക്കാൻ അവന് കഴിയണം. ഈ ഉദ്ദേശ്യത്തിനു തകത്തക്കവിധം ക്രമീകൃതമായൊരു പാഠ്യപദ്ധതിയാണിന്നത്തേത്. ന്യൂനതകളുണ്ടാവാമെങ്കിലും അതൊരു പരാജയമല്ല. വിജ്ഞാനത്തിന്റെ ഏതു ശാഖയും, ആരെ സംബന്ധിച്ചും, നിഷ്പ്രയോജനമല്ല; അപ്പോൾ, ഏതു പാഠ്യവിഷയത്തിനും ശ്രദ്ധയൂന്നാനുള്ള കഴിവ് കുട്ടികളിലുണ്ടാക്കുന്നതെങ്ങിനെയെന്നാണ് വിദ്യാഭ്യാസത്തിലെ പ്രധാന പ്രശ്നം.

3. കുട്ടികളുടെ കൈവേലകളാണ് വീടിന് ഏറ്റവും നല്ല അലങ്കാര വസ്തുക്കൾ എന്നു പറയാൻ കാരണമെന്ത് ?

   A) എട്ടൊമ്പതു മണിക്കൂർ ഏകാഗ്രമായി ശ്രദ്ധിച്ച് നിർമ്മിച്ചതായതിനാൽ

   B) മോഹവില കൊടുത്തു വാങ്ങുന്നവയ്ക്ക് ഇവയുടെ വൈകാരിക വശ്യതയില്ലാത്തതിനാൽ

   C) അവയോടു വാത്സല്യം തോന്നുന്നതിനാൽ

   D) അവയ്ക്ക് മോഹവില കൊടുക്കേണ്ടതിനാൽ

4. 'ഏകാഗ്രതയ്ക്കുള്ള കഴിവ് കുട്ടികളിൽ കൂടുതലാണുതാനും' - തന്നിട്ടുള്ള ഭാഗത്ത് ഇതിനുള്ള തെളിവെന്താണ് ?

   A) കല്ല് ചെത്തിമിനുക്കി മനോഹരമായ തോണിയുണ്ടാക്കിയത്.

   B) എട്ടൊമ്പതു മണിക്കൂർ തുടർച്ചയായി പരിശ്രമിച്ച് തോണിയുണ്ടാക്കിയത്.

   C) കല്ലിലെ സൗന്ദര്യവും ലാളിത്യവും തേടിപ്പിടിച്ച് വെളിപ്പെടുത്താൻ കഴിഞ്ഞത്.

D) അവൻ പ്രയപ്പെട്ട വസ്തു നിർമ്മിച്ചത്.

5. സ്കൂൾ വിദ്യാഭ്യാസത്തിന്റെ തനതായ പരിമിതിയായി പറയുന്നത് എന്താണ് ?

A) സ്കൂൾ വിദ്യാഭ്യാസം ഒരു സാമൂഹ്യ കാര്യമാണ്.

B) ആദികാലം മുതൽക്കിന്നോളം നേടിയ വിജ്ഞാനത്തിന്റെ രത്നച്ചുരുക്കം മാത്രം ലഭിക്കുന്നതിനാൽ.

C) അഭിരുചി തോന്നുന്ന വിഷയം മാത്രം പഠിക്കാൻ അവിടെ സാഹചര്യം ഇല്ല.

D) വിജ്ഞാനം എടുത്തുപയോഗിക്കാൻ അവനു കഴിയുന്നില്ല.

6. 'സ്വമേധയാ ചെയ്യുന്ന ഒരു പ്രവൃത്തിയിലെന്നപോലെ തന്നിൽ നിർബന്ധപൂർവ്വം ചുമത്തപ്പെടുന്നതിൽ ശ്രദ്ധവെയ്ക്കാൻ അവർക്കു കഴിയാതെ വരുന്നു.' - ഇതിലൂടെ ഉദ്ദേശ്ശിക്കുന്നതെന്താണ് ?

A) അടിച്ചേൽപ്പിക്കുന്ന പ്രവൃത്തികൾ കുട്ടികൾ ഇഷ്ടപ്പെടുന്നില്ല.

B) സ്വമേധയാ ചെയ്യുന്ന പ്രവൃത്തികൾ കുട്ടികൾ ശ്രദ്ധവെയ്ക്കാതെ ചെയ്യുന്നു.

C) നിർബന്ധിച്ച് ഏൽപ്പിക്കുന്ന പ്രവൃത്തിയെക്കാൾ തന്നെത്താൻ തെരഞ്ഞെടുത്ത് ചെയ്യുന്ന പ്രവൃത്തികളാണ് ശ്രദ്ധയോടെ ചെയ്യുക.

D) ഒരു പ്രവൃത്തിയും നിർബന്ധപൂർവ്വം ശ്രദ്ധവെച്ചു ചെയ്യാൻ കഴിയില്ല.

7. നിർമ്മാതാക്കൾ വളർന്ന്. തങ്ങൾക്ക് ശ്രദ്ധയൂന്നാൻ കഴിയാത്ത തൊഴിലുകളിലേർപ്പെടുമ്പോഴും പൂവിരിയും നാവുകളിലെ അ സാന്ദ്രസൗരഭ്യത്തെ ഇവ മനസ്സിലനുഭവപ്പെടുത്തുന്നു. - ഇതുകൊണ്ട് ഉദ്ദേശ്ശിക്കുന്നതെന്ത് ?

A) ഇഷ്ടമില്ലാത്ത തൊഴിലുകളിൽ ഏർപ്പെടുന്ന പ്രായത്തിലെത്തുമ്പോൾ പൂ വിരിഞ്ഞുണ്ടാ കുന്ന സൗരഭ്യം മാത്രമാണ് ആശ്വാസകരം.


B) വലുതാകുമ്പോൾ പൂക്കളുടെ സൗരഭ്യം ഏവരും ഇഷ്ടപ്പെടുന്നു.

C) നിർമ്മാതാക്കൾ പലവിധ തൊഴിലുകളിൽ ഏർപ്പെടുമ്പോൾ പൂക്കളുടെ സൗരഭ്യം മനസ്സിൽ അനുഭവപ്പെടുന്നു.

D) ഇഷ്ടമില്ലാത്ത തൊഴിലെടുക്കേണ്ടി വരുന്ന പ്രായമെത്തുമ്പോൾ കുഞ്ഞുനാളിലെ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഓർമ്മ മനസ്സിൽ സൗരഭ്യമുണ്ടാക്കുന്നു.

## പാർട്ട്- സി: ഗണിതം.

**1.** **ചിത്രത്തിൽ AB യുടേ മദ്ധ്യബിന്ദുവാണ്** D




**BC = 5 cm, AC = 13 cm**

**BE = 10 cm**.

13

△ **BDE** യുടെ പരപ്പളവ് എത്ര ?

10

**A)** 30 ച.സെ.മി. **B)** 60 ച.സെ.മി B . **5**

**C**

**C)** **24 ച.സെ.മി** **D)** **48 ച.സെ.മി**

**2.** സമചതുരപ്പട്ടികയുടെ ആകൃതിയിലുള്ള ഒരു ജല സംഭരണിയുടെ വശങ്ങൾക്കെല്ലാം 2 മീറ്റർ വീതം നീളമുണ്ട്. അതിനുള്ളിൽ പകുതിയിൽ അൽപം കൂടുതൽ വെള്ളമുണ്ട്. വശങ്ങളുടെയെല്ലാം നീളം 1 മീറ്ററായ ഒരു സമചതുരക്കട്ട ഈ വെള്ളത്തിൽ മുക്കി വയ്ക്കുന്നു. ടാങ്കിലെ വെള്ളം എത്ര മീറ്റർ ഉയരും ?

A) ½ മീറ്റർ B) ¼ മീറ്റർ

C) ¾ മീറ്റർ D) 1 മീറ്റർ

**3.** ഒരു സാധനത്തിന് അതിന്റെ യഥാർത്ഥ വിലയോക്കാൾ 10% കൂട്ടി പരസ്യ വിലയിട്ടു. പിന്നീട് 10% ഡിസ്കൗണ്ട് അനുവദിച്ചു. വിറ്റപ്പോൾ 297 രൂപ കിട്ടി. സാധനത്തിന്റെ യഥാർത്ഥ വില എത്ര?

A) $297 \times \frac{100}{90}$ B) $\frac{297}{} \times \frac{90}{100}$

C) $297 \times \frac{100}{99}$ D) $297 \times \frac{99}{100}$

4. ചില സംഖ്യകളും അവയെ പ്രത്യേകരീതിയിൽ കോഡ് ചെയ്തപ്പോൾ ലഭിച്ച അക്കങ്ങളും ചുവടെ കൊടുക്കുന്നു. ഈ രീതിയിൽ 486-നെ കോഡ് ചെയ്താൽ ലഭിക്കുന്ന അക്കം എന്ത്?

367 = 4

953 = 7

764 = 5

486 = ?

A) 9 B) 2

C) 6 D) ഇവയൊന്നുമല്ല

5. $2^2 + 2^2 = 8$

$3^2 + 3^2 + 3^2 = 27$

$4^2 + 4^2 + 4^2 + 4^2 = 64$

$5^2 + 5^2 + 5^2 + 5^2 + 5^2 = 125$

$50^2 + 50^2 + 50^2$ ..........................(50 പ്രാവശ്യം) കൂട്ടിയാൽ എത്ര ?

A) $50^{50}$ B) $50^{100}$

C) $50^3$ D) $50^5$

6. $\dfrac{0.1 \times 0.1 \times 0.001}{0.0001} = ?$

A) 0.01 B) 0.1

C) 0.001 D) 0.0001

7. ചില വാക്കുകളെ ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ സംഖ്യകൾ ഉപയോഗിച്ച് കോഡ് ചെയ്തിരിക്കുന്നു. എങ്കിൽ 'RESEARCH' എന്ന വാക്കിന്റെ ശരിയായ കോഡ് ഏത് ?

DOCTORS = 5487436

TEACHERS = 72180236

RESEARCH = ?

A) 32623180 B) 32621380

C) 32632180 C) 32612380

## യു.എസ്.എസ് പരീക്ഷ 2015 – 2016

## പേപ്പർ – 2: ഇംഗ്ലീഷ്, ശാസ്ത്രം & സാമൂഹ്യ ശാസ്ത്രം

### മാതൃകാ ചോദ്യങ്ങൾ

### പാർട്ട് എ: ഇംഗ്ലീഷ്

Questions 1 to 5 : Read the following passage and select the correct answer for the questions after it.

Banks are places where people can keep their money. Most people use banks to save money in their savings accounts and to pay or withdraw money from their accounts. Today, when one earns money from his/her job, their salary is often electronically deposited (put) into their savings account. Then, he/she can pay their bills by writing cheques from their accounts or pay online where their bills are electronically connected to their bank accounts.

Banks also give loans to people. Banks use the money that their customers deposit to lend to people to buy new houses, cars, or to start business and for many other reasons. The bank makes money from lending and charging interest. In other words, people have to pay back more than they borrowed. This amount depends on how risky the bank thinks the borrower is and how fast the loan is paid back among other things.

1. Which of the following is not a function of banks ?

   A) Impose tax on people
   B) Allow people to pay bills online
   C) Charge and give interest
   D) Provide loans

2. How do banks get money ?

   A) Having a number of accounts
   B) Giving interest to depositors
   C) Electronically
   D) Collecting deposits from customers

3. What does 'interest on loan' mean ?

   A) Banks pay more money to people than they have borrowed.
   B) Banks require people to pay back the same amount they have borrowed.

C) Banks require people to pay back more money than they have borrowed.
D) Banks require people to deposit more.

4 Which one of the following is not a purpose for lending money ?

A) for depositing in the bank
B) to buy new or old cars.
C) to break the laws of lending
D) how fast the loan is paid back

5 Which of the following means ‘withdraw’?

A) Take on
B) Take up
C) Take out
D) Take into

Questions 6 : Choose the correct sentence

A) Mini, Rani and I am going for a fair.
B) Mini, Rani and I were going for a fair.
C) Mini, Rani and I was going for a fair.
D) Mini, Rani and I is going for a fair.

7 Identify the correctly spelt word

A) accommodation
B) aocommodation
C) accomodation
D) acomodation

Question 8 : There are certain words missing in the sentence given. Find the words from those given below.

8. India is the seventh largest country ---------- the world and the second most populous country.................. over 1.2 billion people.
A) on, with
B) in, with
C) in,by
D) in,for

Question 9 : Pick out the synonym of the words underlined.

9. The disease is not **amenable** to ordinary treatment.

A) applicable
B) responsive
C) cured
D) contradictory

## പാർട്ട് ബി:   അടിസ്ഥാനശാസ്ത്രം

1. ഒരു ചെറിയ ബലൂൺ അൽപ്പം കാറ്റു നിറച്ച് കെട്ടുന്നു. ഇത് ഒരു വലിയ ബലൂണിനക ത്ത് വച്ച് വലിയ ബലൂൺ കാറ്റു നിറച്ച് കെട്ടുന്നു. ഇപ്പോൾ ചെറിയ ബലൂണിനകത്തെ മർദ്ദത്തിൽ എന്തു വ്യത്യാസം വന്നിരിക്കും. ?

   A) മർദ്ദത്തിൽ വ്യത്യാസമില്ല
   B) മർദ്ദം കൂടുന്നു
   C) മർദ്ദം കുറയുന്നു
   D) മർദ്ദം ആദ്യം കൂടുകയും പിന്നെ കുറയുകയും ചെയ്യുന്നു.

2. മിശ്രിതത്തിലെ ഘടകങ്ങളെ വേർതിരിക്കാൻ പ്രയോജനപ്പെടുത്താവുന്ന ഒരു രീതി ഏത്?

   A) ക്രോമാറ്റോഗ്രാഫി    B) സ്പെക്ട്രോഗ്രാഫി
   C) കാലിഗ്രാഫി    D) മിമിയോഗ്രാഫി

3. എൽ.ഇ.ഡി ഉപയോഗിച്ചാൽ വൈദ്യുതോപയോഗം കുറയ്ക്കാം. താഴെപ്പറയുന്നവയിൽ ഏതു പ്രസ്താവനയുമായി ഇതിനെ ബന്ധപ്പെടുത്താം ?

   A) താപോർജ്ജവും പ്രകാശോർജ്ജവും തുല്യ അളവിൽ ഉൽപ്പാദിപ്പിക്കാൻ കഴിയും.
   B) താപോർജ്ജം കൂടുതലും പ്രകാശോർജം കുറച്ചും ഉൽപ്പാദിപ്പിക്കുന്നു.
   C) പ്രകാശോർജം മാത്രം ഉൽപ്പാദിപ്പിക്കുനനു.
   D) പ്രകാശോർജം കൂടുതലും താപോർജം വളരെ കുറച്ചും ഉൽപ്പാദിപ്പിക്കുന്നു.

4. ജനിതകമാറ്റം വരുത്തരയ വഴുതന ഏതു ബ്ക്ടീരിയയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

   A) അസറ്റോ ബാക്ടർ    B) ബാസിലസ് തൂറിഞ്ചിയൻ സിസ്
   C) ട്യൂബർക്കുലസ് ബാസിലസ്    C) റൈസോബിയം

5. വിളർച്ച, കാഴ്ചക്കുറവ്, അസ്ഥികൾക്ക് ബലക്ഷയം എന്നീ രോഗങ്ങൾ ഉള്ള ഒരു കുട്ടി ഏതൊക്കെ ഇനങ്ങൾ ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്തണം ?

   A) ഇലക്കറികൾ, പഴങ്ങൾ, മുട്ട    B) ധാന്യങ്ങൾ, മരച്ചീനി, നെയ്യ്
   C) പാൽ, നെയ്യ്, ധാന്യങ്ങൾ    D) മാംസ്യം, മത്സ്യം, പാൽ

6. മംഗൾയാൻ വിക്ഷേപണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രസ്താവനകളിൽ **ശരിയല്ലാ    ത്തത്** ഏത് ?

   A) ചെവ്വാദൗത്യങ്ങളിൽ ഏറ്റവും ചെലവു കുറഞ്ഞത്
   B) ഇന്ത്യ സ്വന്തമായി വികസിപ്പിച്ചെടുത്ത പി.എസ്.എൽ.വി റോക്കറ്റ് വിക്ഷേപണത്തിന് ഉപയോഗിച്ചു
   C) ഇന്ത്യയുടെ ആദ്യത്തെ ഗോളാന്തര ദൗത്യം
   D) പ്രഥമ ചെവ്വാദൗത്യത്തിൽത്തന്നെ വിജയം നേടി

6. ആഴ്ചയിൽ ഒരു ദിവസം ഡ്രൈഡേ ആചരിക്കുന്നതിന്റെ ഉദ്ദേശ്യം എന്ത് ?

   A) കൊതുക് നിവാരണം
   B) പരിസര ശുചീകരണം
   C) ഈച്ചകളെ നശിപ്പിക്കൽ
   D) രോഗാണുക്കളെ നശിപ്പിക്കൽ

## പാർട്ട് സി: സാമൂഹ്യശാസ്ത്രം

1. മൗലികാവകാശങ്ങൾ എന്ന ആശയം ഇന്ത്യ ഏത് രാജ്യത്തിന്റെ ഭരണഘടനയിൽ നിന്നും സ്വീകരിച്ചതാണ് ?

A) ബ്രിട്ടൺ
B) കാനഡ
C) സൗത്ത് ആഫ്രിക്ക
D) യു.എസ്.എ

2. ഇന്ത്യയിൽ കച്ചവടത്തിനായി വന്ന യൂറോപ്യന്മാരുടെ ശരിയായ ക്രമം.

A) പോർച്ചുഗീസുകാർ → ഡച്ചുകാർ → ഇംഗ്ലീഷുകാർ → ഫ്രഞ്ചുകാർ
B) ഡച്ചുകാർ → പോർച്ചുഗീസുകാർ → ഫ്രഞ്ചുകാർ → ഇംഗ്ലീഷുകാർ
C) ഫ്രഞ്ചുകാർ → ഡച്ചുകാർ → പോർച്ചുഗീസുകാർ → ഇംഗ്ലീഷുകാർ
D) പോർച്ചുഗീസുകാർ → ഫ്രഞ്ചുകാർ → ഡച്ചുകാർ → ഇംഗ്ലീഷുകാർ

3. തെരഞ്ഞെടുപ്പ് ഘട്ടങ്ങളുമായി യോജിക്കാത്ത പ്രസ്താവന

A) വോട്ടെടുപ്പ്
B) ജനപ്രതിനിധിയെ മുൻകൂട്ടി നിശ്ചയിക്കൽ
C) വോട്ടെണ്ണൽ
D) ഫലപ്രഖ്യാപനം

4. ആര്യന്മാർ കുടിയേറി താമസമുറപ്പിച്ച 'സപ്തസിന്ധുപ്രദേശം പഞ്ചനദികളും ഭൂമിക്കടിയിലൂടെ ഒഴുകുന്ന ഒരു നദിയും ചേർന്ന് രൂപപ്പെട്ട നദീതടമാണ്'. ഏതാണ് ഭൂമിക്കടിയിലൂടെ ഒഴുകുന്ന നദി ?

A) ചിനാബ്
B) രവി
C) കാവേരി
D) സരസ്വതി

5. ഗ്രഹനിയമങ്ങൾ പാലിക്കാത്തവയാണ് കുള്ളൻ ഗ്രഹങ്ങൾ. ഗ്രഹനിയമത്തിൽ ഉൾപ്പെടാത്ത പ്രസ്താവന.

A) വസ്തുവിന് സ്വയം ഗോളാകൃതി കൈകൊള്ളാൻ ആവശ്യമായ ഗുരുത്വബലം ഉണ്ടായിരിക്കണം.
B) തനതായ സഞ്ചാരപഥം ഉണ്ടായിരിക്കണം
C) സൂര്യനെ മാത്രം വലം വയ്ക്കുന്നതും ചെറുതുമായിരിക്കണം
D) തടസ്സങ്ങളില്ലാത്ത സഞ്ചാരപഥം ഉണ്ടായിരിക്കണം.